# തൊഴിൽ നിയമങ്ങൾ തകരുമ്പോൾ

എളമരം കരീം



സിഐടിയു സംസ്ഥാന കമ്മിറ്റി

## ആമുഖം

ഇന്ത്യയിലെ ഏതാനും സംസ്ഥാന സർക്കാരുകൾ കേന്ദ്ര സർക്കാരിന്റെ നിർദേശ പ്രകാരം തൊഴിൽ നിയമങ്ങൾ ദുർബലപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ഓർഡിനൻസുകൾ വഴിയായും, എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെയുമാണ് ഈ നടപടികൾ കൈക്കൊണ്ടത്. സ്വതന്ത്രഭാരതത്തിൽ ഇന്നേവരെ ഒരു സർക്കാരും സ്വീകരിക്കാത്ത നടപടികളാണ് ഇപ്പോഴുണ്ടായത്. ഭരണഘടനാ തത്വങ്ങളേയും ജനാധിപത്യമര്യാദകളെയും കാറ്റിൽപറത്തിയാണ് ബിജെപി നേതൃത്വം നൽകുന്ന സർക്കാരുകൾ ഈ തൊഴിലാളി വിരുദ്ധ നടപടികൾ സ്വീകരിച്ചത്. കോൺഗ്രസ് നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളും സമാനമായ നടപടികൾ സ്വീകരിക്കുകയുണ്ടായി.

ഇന്ത്യൻ തൊഴിലാളി വർഗം ദീർഘകാലത്തെ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ കുത്തക മുതലാളി വർഗത്തിനു വേണ്ടി ചവിട്ടിമെതിച്ച കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭമുയർത്താൻ ദേശീയ ട്രേഡ് യൂണിയനുകൾ തീരുമാനിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തൊഴിൽ നിയമങ്ങൾ തകർത്ത നടപടികളെ കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുമുള്ള ഒരു ലഘുവിവരണം തൊഴിലാളി സംഘടനാ പ്രവർത്തകർക്ക് ഉപകാരപ്രദമാവുമെന്ന് കരുതുന്നു.

തിരുവനന്തപുരം
28-05-2020 സിഐടിയു സംസ്ഥാന കമ്മിറ്റി

# തൊഴിൽ നിയമങ്ങൾ തകരുമ്പോൾ

**എളമരം കരീം**

രാജ്യം കോവിഡ് 19 ന്റെ ഭീതിയിലകപ്പെട്ട് ജനങ്ങളാകെ കടുത്ത നിയന്ത്രണങ്ങൾക്ക് വിധേയമായി നിൽക്കുന്ന സന്ദർഭത്തിലാണ് ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള സംസ്ഥാനസർക്കാരുകൾ തൊഴിലാളികളുടെ അവകാശങ്ങൾ ചവിട്ടിമെതിക്കുന്ന നടപടികൾ സ്വീകരിച്ചത്. യു.പി. സർക്കാർ ഒരു ഓർഡിനൻസിലൂടെയാണ് പ്രധാന തൊഴിൽ നിയമങ്ങളുടെ പ്രാബല്യം 3 വർഷത്തേക്ക് സസ്പെന്റ് ചെയ്തത്. മദ്ധ്യപ്രദേശ് സർക്കാർ 1000 ദിവസത്തേക്കാണ് പ്രധാന തൊഴിൽ നിയമങ്ങൾ ദുർബ്ബലപ്പെടുത്തിയത്. ഗുജറാത്ത്, പഞ്ചാബ്, രാജസ്ഥാൻ, ഒഡീഷ, ത്രിപുര, ഹിമാചൽ പ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാന സർക്കാരുകളും സമാനമായ നടപടികൾ സ്വീകരിച്ചു. ഇന്ത്യയിലെ തൊഴിൽ നിയമങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ച കേന്ദ്രസർക്കാർ ഈ നടപടികൾക്ക് മൗനാനുവാദം നൽകിയത് സ്വാഭാവികം.

ഈസ് ഓഫ് ഡൂഇംഗ് ബിസിനസ്സ് (സംരംഭങ്ങൾ നടത്തൽ എളുപ്പമാക്കുക) എന്ന നയത്തിലൂടെ സാമ്പത്തിക - വ്യവസായ മേഖലയിൽ വളർച്ച കൈവരിക്കുക എന്ന തന്ത്രത്തിന്റെ പേരിലാണ് മേൽപറഞ്ഞ നടപടികൾ. ആഗോളവൽകരണ നയങ്ങൾ ആരംഭിച്ച കാലം തൊട്ടേ മുതലാളിവർഗ്ഗം ഉയർത്തിയ ആവശ്യമാണ് അയവേറിയ തൊഴിൽ ബന്ധങ്ങൾ. (Labour flexibility) എന്നത്. ഉപയോഗിക്കുക, ഉപേക്ഷിക്കുക (Hire&Fire) എന്നതായിരുന്നു ഒരു പ്രധാന മുദ്രാവാക്യം. സ്ഥിരം ജോലിയും, തൊഴിലാളികൾക്ക് സംഘടിക്കാനുള്ള സൗകര്യവും തകർക്കലായിരുന്നു ഈ മുദ്രാവാക്യങ്ങളിലെ പിന്നിലെ ഗൂഢലക്ഷ്യം.

1990 ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയെത്തുടർന്ന്, സോഷ്യലിസ്റ്റ് ആശയങ്ങൾക്കും, തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾക്കും

കനത്ത തിരിച്ചടി നേരിട്ടു. ട്രേഡ് യൂണിയനുകൾ ദുർബ്ബലമായി. വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് (WFTU) കുറെക്കാലത്തേക്ക് പ്രവർത്തനക്ഷമമല്ലാതായി. ഈ അവസരം ഉപയോഗിച്ച് തൊഴിൽ മേഖലയിൽ കോർപറേറ്റുകൾ തേരോട്ടം നടത്തി. സ്ഥിരം ജോലികൾ ഗണ്യമായികുറഞ്ഞു. താല്കാലിക - കരാർ ജോലികൾ വ്യാപകമായി. 'പുറംകരാർ ജോലി' എന്ന പുതിയ സമ്പ്രദായം നിലവിൽ വന്നു. തൊഴിലാളി കളുടെ വേതന നിരക്ക് ഗണ്യമായി കുറഞ്ഞു. ഉൽപന്നങ്ങളുടെ മൂല്യത്തിൽ തൊഴിലാളികളുടെ വേതനത്തിന്റെ പങ്ക് ഗണ്യമായി കുറഞ്ഞു. സമ്പത്ത് വൻതോതിൽ മൂലധന ഉടമകളുടെ കയ്യിൽ കേന്ദ്രീകരിച്ചു.

1980 കളിൽ ഇന്ത്യ ഈ നയത്തിലേക്ക് മാറിക്കൊണ്ടിരി ക്കുകയായിരുന്നു. 1984 ലെ രാജീവ്ഗാന്ധി സർക്കാർ ഇന്ത്യയെ 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുമെന്ന് പ്രഖ്യാപിച്ച് പുതിയ നയത്തിന് തുടക്കം കുറിച്ചു. 1991-ൽ നരസിംഹറാവു- മൻമോഹൻസിംഗ് സർക്കാർ ഔപചാരികമായി സാമ്രാജ്യത്വ ആഗോളവൽക്കരണം തങ്ങളുടെ നയമായി പ്രഖ്യാപിച്ചു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കോൺഗ്രസ്സ് സർക്കാരുകളുടെ മുതലാളിത്തനയങ്ങളാൽ തടിച്ച് കൊഴുത്ത കുത്തകമുതലാളിവർഗ്ഗവും അവരുടെ അന്തർദേശീയ കൂട്ടാളികളായ സാമ്രാജ്യത്വ മൂലധനശക്തികളും ചേർന്നാണ് ഈ പുതിയ ഘട്ടത്തിലേക്ക് ഇന്ത്യയെ നയിച്ചത്. രാഷ്ട്രത്തിന്റെ തന്ത്രപ്രധാന മേഖലകളിൽ കുത്തകമുതലാളിത്തം പിടിമുറുക്കി. പൊതുമേഖല ദുർബ്ബലമാക്കപ്പെട്ടു. പല മേഖലകളിലും വിദേശനിക്ഷേപം അനുവദിക്കപ്പെട്ടു. പുത്തൻ 'സൂര്യോദയ' വ്യവസായങ്ങൾ- ഓട്ടോമൊബൈൽ, ഇലക്ട്രോണിക്സ് - ചൂണ്ടിക്കാണിച്ച് അഹങ്കരിച്ചവർ ഭൂരിപക്ഷജനതയുടെ ജീവിതം തകരുന്നത് ഗൗനിച്ചില്ല. ഈ നയങ്ങളുടെ ഭാഗമായി തൊഴിൽ നിയമങ്ങൾ, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ, പൊതുമേഖല തുടങ്ങിയവ പതുക്കെ ദുർബ്ബലമാക്കപ്പെട്ടു. ഇതിന്റെ നേട്ടങ്ങളുടെ തെളിവായി സംരംഭങ്ങൾ നടത്താൻ എളുപ്പമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 2016 ൽ 130 ആയിരുന്നത് 2019 ൽ 63 ആയി ഉയർന്നു എന്നതാണ്. ഭരണനേതൃത്വവും, സാമ്പത്തിക വിദഗ്ധന്മാരിൽ ഒരു വിഭാഗവും, കോർപറേറ്റുകളും മതിമറന്നാഹ്ളാദിച്ചു.

ഈ നയങ്ങളുടെ പ്രകടരൂപമാണ് മോഡിയുടെ "മേക്ക് ഇൻ ഇന്ത്യ" പദ്ധതി. 44 തൊഴിൽ നിയമങ്ങൾ 4 കോഡുകളാക്കി മാറ്റാൻ തീരുമാനിച്ചത് ഈ പദ്ധതിയുടെ അടിസ്ഥാനത്തിലാണ്. ഏറ്റവും ഒടുവിലായി യു.പി, മദ്ധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തൊഴിൽ നിയമങ്ങൾ സസ്പെന്റ് ചെയ്തത് തികച്ചും ഏകപക്ഷീയമായ നിലയിലാണ്. തൊഴിലാളി സംഘടനകളുമായി ഒരു കൂടിയാലോചനപോലും നടത്തിയില്ല. ഭരണകൂടം കൂടുതൽ ഏകാധിപത്യ പ്രവണതകൾ കാണിക്കാൻ തുടങ്ങിയതും മേൽപറഞ്ഞ നയങ്ങളുടെ ഭാഗമായാണ്. ഇത്തരം ഭരണകൂട നയങ്ങൾ തൊഴിലാളികൾക്ക് നേരെമാത്രമല്ല മറ്റ് ജനവിഭാഗങ്ങൾക്ക് നേരെയും കൈക്കൊള്ളും. ഇപ്പോൾ തന്നെ മതന്യൂനപക്ഷങ്ങൾ - ദളിത് ജനത - ആദിവാസികൾ എന്നിവർക്ക് നേരെ ഭരണകൂടം നടത്തുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. കർഷകർ, യുവജനത, ചരിത്രകാരന്മാർ, ബുദ്ധിജീവികൾ തുടങ്ങിയവരെല്ലാം ആക്രമണത്തിന് വിധേയരാണ്. തൊഴിൽ നിയമങ്ങളിൽ കൈവെച്ചത് ഒറ്റപ്പെട്ട സംഭവമല്ല എന്ന് ഇതിൽനിന്നും മനസിലാക്കാം.

**തൊഴിൽ നിയമങ്ങൾ തകർക്കുന്ന നടപടികൾ**

രാജ്യം മുഴുവൻ കോവിഡ് 19 മഹാമാരിയെ പ്രതിരോധിക്കുന്നതിൽ വ്യപൃതരായിരുന്ന സന്ദർഭം ബി.ജെ.പി. ഉപയോഗപ്പെടുത്തിയത് കടുത്ത തൊഴിലാളി ദ്രോഹ നടപടിക്കാണ്. കോവിഡ് 19 വ്യാപനം ശക്തിപ്പെട്ടതിനെത്തുടർന്ന് 2020 മാർച്ച് 24 മുതൽ രാജ്യം ആകെ അടച്ചിടാൻ കേന്ദ സർക്കാർ തീരുമാനിച്ചു. തൊഴിൽ ശാലകളും, വാണിജ്യ - വ്യാപാര കേന്ദ്രങ്ങളും, ഗതാഗതവും, കേന്ദ്ര - സംസ്ഥാന സർക്കാർ ഓഫീസുകളും, വിദ്യഭ്യാസ സ്ഥാപനങ്ങളും എല്ലാം സ്തംഭിച്ചു. ദിവസവേതനത്തിന് ജോലിചെയ്ത് ഉപജീവനം കഴിക്കുന്ന സാധാരണക്കാരായ തൊഴിലാളികൾ - അസംഘടിത മേഖല - പരമ്പരാഗത മേഖല - കാർഷിക തൊഴിലാളികൾ - പട്ടിണിയിലായി. ഇന്ത്യയിൽ തൊഴിലെടുത്ത് ജീവിക്കുന്ന 56 കോടി മനുഷ്യരുടെ 94 ശതമാനവും ഈ വിഭാഗമാണ്. കാർഷിക മേഖലയിലെ തകർച്ച മൂലം തൊഴിൽ നഷ്ടപ്പെട്ടവരാണ് കുടിയേറ്റ തൊഴിലാളികളായി മാറുന്നത്. അവർ ഏകദേശം നാല് കോടിയോളം വരുമെന്നാണ് കേന്ദ്രസർക്കാരിന്റെ കണക്ക്.

ലോക്ക്ഡൗൺ മൂലം തൊഴിൽ ഇല്ലാതാവുകയും, ഭക്ഷണം പോലും ലഭിക്കാതാവുകയും ചെയ്തപ്പോൾ കുടിയേറ്റ തൊഴിലാളികൾ സ്വന്തം ഗ്രാമങ്ങളിലേക്ക് തിരിച്ച് പോകാൻ വെമ്പൽ കൊണ്ടു. അവരെ സ്വദേശങ്ങളിലെത്തിക്കാൻ ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചില്ല. തുടർന്ന് യുദ്ധമുഖങ്ങളിൽ കണാവുന്നത് പോലെയുള്ള മനുഷ്യ പ്രവാഹങ്ങളാണ് വടക്കെ ഇന്ത്യയിൽ കണ്ടത്. വഴിയിൽ തളർന്ന് വീണും, റെയിൽ പാളങ്ങളിൽ വണ്ടി തട്ടിയും, ട്രക്കപകടങ്ങളിലും ജീവൻ വെടിഞ്ഞവർ അനേകമാണ്. ഈ പാവങ്ങളുടെ ദീനരോദനങ്ങൾ ഭരണാധികാരികൾ ഗൗനിച്ചില്ല.

ഈ സന്ദർഭമാണ് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് നേരെ കടന്നാക്രമണം നടത്താൻ ഭരണാധികാരികൾ തെരഞ്ഞെടുത്തത്. തങ്ങളുടെ മൗലീക അവകാശങ്ങൾ തട്ടിപ്പറിക്കുന്നതിനെ ചെറുക്കാൻ കൂട്ടത്തോടെ തെരുവിലിറങ്ങാൻ ആർക്കും കഴിയാത്ത സാഹചര്യം. വ്യവസായ ശാലകൾ എല്ലാം അടഞ്ഞ് കിടക്കുന്നതിനാൽ 'പണിമുടക്ക്' എന്ന ശക്തമായ ആയുധം പ്രയോഗിക്കാൻ കഴിയാത്ത അവസ്ഥ. ഒരു മനുഷ്യന്റെ കയ്യും കാലും ബന്ധിച്ച് മാംസഭുക്കുകളായ ക്രൂര മൃഗങ്ങൾക്ക് മുമ്പിലേക്ക് എറിഞ്ഞുകൊടുത്താലെന്ന അവസ്ഥ. ഇത്രയും ക്രൂരമായും, മനുഷത്വരഹിതമായും ചിന്തിക്കാൻ ബി.ജെ.പി.ക്കല്ലാതെ മറ്റാർക്കും കഴിയില്ല.

ഏതാനും സംസ്ഥാന സർക്കാരുകൾ തൊഴിൽ നിയമങ്ങളെ അപ്രസക്തമാക്കിയ നടപടി ഒരാൾക്കും ന്യായീകരിക്കാനാവാത്തതാണ്. ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന മൗലീക അവകാശങ്ങളുടെ ലംഘനമാണിത്. ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്കെതിരാണ് ഈ നടപടി. ഭരണഘടനയുടെ ലക്ഷ്യങ്ങൾക്കുമെതിരാണ് ഈ നടപടി. തൊഴിൽ - ഭരണഘടനയിലെ കൺകറന്റ് വിഷയമാണ്. ആ തത്വത്തെയും വെല്ലുവിളിക്കുന്നതാണ് യു.പി., മദ്ധ്യപ്രദേശ് പോലെയുള്ള സംസ്ഥാന സർക്കാരുകൾ കൈക്കൊണ്ട നടപടി.

ഇന്ത്യയിലെ തൊഴിൽ നിയമങ്ങൾ അയവേറിയതാക്കുക എന്ന നയത്തിന്റെ ഭാഗമായിട്ടാണല്ലോ 44 നിയമങ്ങൾ 4 കോഡുകളാക്കി മാറ്റാൻ മോഡി സർക്കാർ തീരുമാനിച്ചത്. ദേശീയ ട്രേഡ് യൂണിയനുകളുടെ എതിർപ്പ് മാനി

ക്കാതെ 4 കോഡുകൾ ഉണ്ടാക്കാനുള്ള കേന്ദ്രസർക്കാർ നടപടികൾ ആരംഭിച്ചുകഴിഞ്ഞ സ്ഥിതിക്ക് അതിന്റെ പൂർത്തീകരണത്തിന് കാത്ത് നിൽക്കാതെ എന്തിനാണ് ചില സംസ്ഥാന സർക്കാരുകൾ ധൃതികാണിച്ചത്? തൊഴിലാളികളുടെ ഇപ്പോഴത്തെ അവസ്ഥ കണക്കിലെടുത്താണ് ഈ ക്രൂര വിനോദത്തിനവർ തയ്യാറായത്.

തൊഴിൽ നിയമങ്ങൾ സസ്പെന്റ് ചെയ്ത സംസ്ഥാന സർക്കാർ നടപടികൾ കേന്ദ്രസർക്കാരിന്റെ അറിവോട് കൂടിയാണ്. ബി.ജെ.പി. നേതൃത്വം നൽകുന്ന യു.പി. സർക്കാർ "ഉത്തർപ്രദേശ് ടെമ്പററി എക്സംപ്ഷൻ ഫോർ സർടൻ ലേബർ ലോസ് ഓർഡിനൻസ് - 2020" പുറപ്പെടുവിച്ചു. വ്യവസായ - സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനാണിതെന്നാണ് അവരുടെ വാദം. ഈ ഓർഡിനൻസിലൂടെ യു.പി.യിൽ 38 തൊഴിൽ നിയമങ്ങൾ മൂന്ന് വർഷത്തേക്ക് സസ്പെന്റ് ചെയ്യപ്പെട്ടു. ട്രേഡ് യൂണിയൻ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്, ആക്ട് ഓൺ ഒക്യുപേഷനൽ സേഫ്റ്റി&ഹെൽത്ത്, കോൺട്രാക്ട് ലേബർ ആക്ട്, ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് ലേബർ ആക്റ്റ്, ഈക്വൽ റമ്യൂണറേഷൻ ആക്ട്, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് എന്നീ സുപ്രധാന നിയമങ്ങൾ സസ്പെന്റ് ചെയ്യപ്പെട്ടവയിൽ ഉൾപ്പെടും.

മദ്ധ്യപ്രദേശ് സർക്കാർ തൊഴിൽ ഉടമകൾക്ക് അവരുടെ ഇഷ്ടംപോലെ തൊഴിലാളികളെ നിയമിക്കാനും, പിരിച്ച് വിടാനും (ഹയർ&ഫയർ) അവകാശം നൽകുന്ന ഭേദഗതികളാണ് നിയമങ്ങളിൽ വരുത്തിയത്. ഫാക്ടറീസ് ആക്ട്, കോൺട്രാക്ട് ലേബർ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ട് തുടങ്ങിയ നിയമങ്ങളിലാണ് മാറ്റങ്ങൾ വരുത്തിയത്. തൊഴിൽ തർക്കങ്ങൾ ഉന്നയിക്കാനും, പരിഹാരം തേടാനുമുള്ള അവകാശം റദ്ദ് ചെയ്തു. 49 തൊഴിലാളികളെ വരെ നിയോഗിച്ച് ജോലിചെയ്യിക്കുന്ന കരാറുകാർ ലൈസൻസ് എടുക്കേണ്ടതില്ല. നേരത്തെ 19 പേർ വരെ എന്നതായിരുന്നു വ്യവസ്ഥ. കരാറുകാർക്ക് ഇഷ്ടംപോലെ ജോലി ചെയ്യിക്കാം. തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥന്മാരുടെ പരിശോധന ഒഴിവാക്കി. ഇനി നിർഭയമായി തൊഴിൽ നിയമങ്ങൾ ലംഘിക്കാം. കൂലി, തൊഴിൽ

സുരക്ഷ എന്നിവ സംബന്ധിച്ച അടിസ്ഥാന നിയമവ്യവസ്ഥകളും റദ്ദ് ചെയ്യ പ്പെട്ടിരിക്കുകയാണ്. മദ്ധ്യപ്രദേശിൽ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒരു തൊഴിലാളിക്ക് 80 രൂപ വീതം അടക്കാനുള്ള ബാദ്ധ്യതയിൽ നിന്നും തൊഴിലുടമകൾ ഓഴിവാക്കപ്പെട്ടു. കടകളും, കച്ചവടസ്ഥാപനങ്ങളും കാലത്ത് 6 മണി മുതൽ രാത്രി 12 മണിവരെ പ്രവർത്തിക്കാൻ അനുമതി നൽകി. 18 മണിക്കൂർ തൊഴിലാളികൾ ജോലിചെയ്യേണ്ടി വരും. യു.പി., മദ്ധ്യപ്രദേശ് സംസ്ഥാനങ്ങളിൽ ഫാക്ടറീസ് ആക്ടിൽ വരുത്തിയ ഭേദഗതി യുടെ ഫലമായി ഒരുദിവസത്തെ സാധാരണ ജോലി സമയം 12 മണിക്കൂറാ യിരിക്കും. (നിലവിൽ 8 മണിക്കൂറായിരുന്നു) ഇതനുസരിച്ച് ഒരാഴ്ച 6 ദിവ സങ്ങളിൽ 72 മണിക്കൂർ ജോലിചെയ്യേണ്ടിവരും (നേരത്തെ 48 മണിക്കൂറാ യിരുന്നു). ഫാക്ടറീസ് ആക്റ്റ് അനുസരിച്ച് 8 മണിക്കൂറിൽ കൂടുതൽ സമയം ഒരു തൊഴിലാളി ഒരു ദിവസം ജോലി ചെയ്യേണ്ടി വന്നാൽ ഓവർടൈം വേതനം (ഇരട്ടി വേതനം) നല്കണമായിരുന്നു. മേലിൽ സാധാരണ വേതനം നല്കിയാൽ മതി. തൊഴിലുടമകൾക്ക് ഇതിലേറെ സന്തോഷിക്കാൻ എന്ത് വേണം?

ഗുജറാത്ത് സർക്കാർ അംഗീകരിച്ച ഓർഡിനൻസ് ജോലി സമയം ഒരു ദിവസം 12 മണിക്കൂറാക്കി. 8 മണിക്കൂറിന് ശേഷമുള്ള ജോലിക്ക് ഇരട്ടി വേതനം ലഭിക്കില്ല. 1200 ദിവസങ്ങൾക്ക് മറ്റ് തൊഴിൽ നിയമങ്ങൾ സസ്പെന്റ് ചെയ്യാനും സർക്കാർ ഉദ്ദേശിക്കുന്നു. ഹിമാചൽ പ്രദേശിൽ ജോലി സമയം 12 മണിക്കൂറാക്കി നിശ്ചയിച്ചു. 8 മണിക്കൂറിൽ കൂടുതൽ ജോലിക്ക് ഓവർടൈം വേതനമില്ല. ഹരിയാന ഒരു ഓർഡിനൻസിലൂടെ 18 തൊഴിൽ നിയമങ്ങൾ സസ്പെന്റ് ചെയ്തു. ജോലി സമയം 12 മണിക്കൂ റാക്കി. രാജസ്ഥാൻ, പഞ്ചാബ് സർക്കാരുകളും ജോലി സമയം 12 മണി ക്കൂറായി നിശ്ചയിച്ച് ഉത്തരവിറക്കി.

ഉത്തരാഖണ്ഡ് സർക്കാർ, ഫാക്ടറീസ് ആക്ട് ഉൾപെടെ 18 നിയ മങ്ങൾ സസ്പെന്റ് ചെയ്ത്കൊണ്ട് ഓർഡിനൻസ് ഇറക്കി. മഹാരാഷ്ട്ര, ഒഡീഷ സർക്കാരുകളും ജോലി സമയം 12 മണിക്കൂറാക്കി. ആസാം സർക്കാർ ജോലി സമയം 12 മണിക്കൂറാക്കിയതിന് പുറമെ, ഫിക്സഡ് ടേം

എംപ്ലോയ്മെന്റ് നടപ്പാക്കാനും ഉത്തരവിറക്കി. ബീഹാറിൽ ജോലി സമയം 12 മണിക്കൂറാക്കി. മറ്റ് ചില നിയമങ്ങളിൽ ഭേദഗതി വരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കർണാടക സർക്കാർ ജോലി സമയം 12 മണിക്കൂറാക്കി. മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഗുജറാത്ത് സർക്കാരുകൾ ട്രേഡ് യൂണിയൻ നിയമവും 3 വർഷത്തേക്ക് അസാധുവാക്കി. തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കാനുള്ള അവകാശവും നഷ്ടപ്പെട്ടു.

2020 ഏപ്രിൽ 3 നും 10 നും ഇടയിൽ രാജ്യത്തെ വ്യവസായികളുടെ സംഘടനകളെ 4 ഗ്രൂപ്പുകളാക്കി കേന്ദ്ര സർക്കാർ ചർച്ചകൾ നടത്തിയിരുന്നു. അവർ ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിച്ചാണ് സംസ്ഥാന സർക്കാരുകളെ മേൽപറഞ്ഞ നടപടികൾക്ക് കേന്ദ്ര സർക്കാർ ഉപദേശിച്ചത്. 2020 മെയ് 5 ന് ഈ കാര്യം കാണിച്ച് കേന്ദ്ര ലേബർ സെക്രട്ടറി സംസ്ഥാനങ്ങൾക്ക് കത്തെഴുതുകയും ചെയ്തിരുന്നു. ഈ തൊഴിലാളി വിരുദ്ധ നടപടികൾ കേന്ദ്ര സർക്കാരിന്റെ അനുഗ്രഹാശിസുകളോടെയാണ്. ബിജെപി മാത്രമല്ല കോൺഗ്രസ് നേതൃത്വം നൽകുന്ന സർക്കാരുകളും ഇത്തരം നടപടി സ്വീകരിക്കുന്നത് ഇരുകക്ഷികളുടെയും വർഗസ്വഭാവം ഒരുപോലെയാണെന്ന് ഒരിക്കൽ കൂടി തെളിയിച്ചു.

തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഈ പിന്തിരിപ്പൻ ഭേദഗതികൾ, തൊഴിലാളികളുടെ വേതനം, കൂട്ടായ വില പേശൽ, തൊഴിൽ സ്ഥലങ്ങളിലെ സുരക്ഷ, സാമൂഹ്യ സുരക്ഷ എന്നിവയെ ബാധിക്കും. ഫാക്ടറികളിൽ സുരക്ഷിതമായ തൊഴിൽ സാഹചര്യം ഒരുക്കണമെന്ന വ്യവസ്ഥ ഇല്ലാതായി. സ്ത്രീകൾക്ക് പ്രസവാനുകൂല്യം, ശിശുസംരക്ഷണം, തൊഴിൽ സ്ഥാപനങ്ങളിൽ ശുദ്ധജലം കുടിക്കാൻ ലഭ്യമാക്കൽ തുടങ്ങിയ ബാധ്യതകളിൽ നിന്നെല്ലാം തൊഴിലുടമകൾ ഒഴിവാക്കപ്പെട്ടു. ഇത് ഒരു നൂറ്റാണ്ടിന് മുമ്പുള്ള അവസ്ഥയിലേക്ക് തൊഴിലാളികളെ തള്ളിവിടലാണ്. ഒരു തരം അടിമ ജോലിക്ക് സമാനമായ സാഹചര്യം തൊഴിൽ ശാലകളിൽ രൂപം കൊള്ളും. മനുഷ്യാവകാശങ്ങൾ പോലും ലംഘിക്കപ്പെടുന്ന ഈ അവസ്ഥ മുതലാളി വർഗത്തിന് ലാഭം വാരിക്കൂട്ടാൻ അവസരം നൽകും.

**ഐ എൽ ഒ പ്രമാണങ്ങൾ ലംഘിക്കുന്നു**

ഐഎൽഒ 'ഫിലാഡൽഫിയ' പ്രഖ്യാപനം പറയുന്നത് ഇപ്രകാരമാണ്- "ഈ സംഘടന നിലയുറപ്പിച്ചിരിക്കുന്നത് താഴെ പറയുന്ന അടിസ്ഥാന തത്വങ്ങളിന്മേലാണ്"

1. തൊഴിലാളി ഒരു ചരക്കല്ല.
2. സുസ്ഥിര വളർച്ചയുടെ അടിസ്ഥാന കാര്യങ്ങളാണ് സംഘടിക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുമുള്ള അവകാശം.
3. ദാരിദ്ര്യം എവിടെ ഉണ്ടായാലും അത് എല്ലായിടത്തെയും പുരോഗതിയെ അപകടത്തിലാക്കും.

ഇന്ത്യൻ സർക്കാരിന്റെ ഇപ്പോഴത്തെ നടപടികൾ ഐഎൽഒയുടെ പ്രഖ്യാപിത നയങ്ങൾക്കെതിരാണ്. 1998 ജൂൺ മാസത്തിൽ ജനീവയിൽ ചേർന്ന ഇന്റർനാഷണൽ ലേബർ കോൺഫറൻസിന്റെ - "തൊഴിലിടങ്ങളിലെ അവകാശവും മൗലികാവകാശങ്ങളും സംബന്ധിച്ച" പ്രഖ്യാപനത്തിനും വിരുദ്ധമാണ് മോഡി സർക്കാരിന്റെയും കൂട്ടാളികളുടെയും നടപടികൾ. സംഘടിക്കാനുള്ള തൊഴിലാളികളുടെ അവകാശം സംബന്ധിച്ച ഐഎൽഒ പ്രമാണം അംഗീകരിക്കാൻ എല്ലാ രാജ്യങ്ങൾക്കും ബാധ്യതയുണ്ട്. അതാണ് മോഡി സർക്കാർ കാറ്റിൽ പറത്തിയത്.

ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾ കൈക്കൊണ്ട നടപടികൾ ഐഎൽഒ പ്രമാണങ്ങൾക്കെതിരാണ്. ഐഎൽഒ അംഗീകരിച്ച ആദ്യ പ്രമാണമാണ് 8 മണിക്കൂർ ജോലി എന്ന തത്വം. ഈ പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് 'ഫാക്ടറീസ് ആക്ട് 1948' എന്ന നിയമം ഉണ്ടാക്കിയത്. ശാസ്ത്ര- സാങ്കേതിക വിദ്യകളിൽ അഭൂതപൂർവമായ മാറ്റങ്ങൾ ഉണ്ടാവുകയും തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യവും ഉൽപാദനശേഷിയും ഗണ്യമായി വർധിക്കുകയും ചെയ്ത സാഹചര്യത്തിൽ തൊഴിൽ സമയത്തിൽ കുറവ് വരുത്തണമെന്നാണ് ആധുനിക കാലഘട്ടത്തിലെ തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നത്. യൂറോപ്യൻ രാജ്യങ്ങൾ മിക്കവയും ജോലി സമയം 7 മണിക്കൂറും ആഴ്ചയിൽ ജോലി ദിവസങ്ങൾ 5 ഉം ആക്കി മാറ്റി.

ഒരാഴ്ചത്തെ വേതനത്തിന് 35 മണിക്കൂർ ജോലി ചെയ്താൽ മതി. ഇന്ത്യയിൽ ഇതുവരെ ഒരാഴ്ചയിൽ 6 ദിവസവും അഥവാ 48 മണിക്കൂർ ജോലി ചെയ്യണമായിരുന്നു. അതാണ് 72 മണിക്കൂറായി വർധിക്കുന്നത്. ജോലി സമയം കുറച്ചാൽ കൂടുതൽ തൊഴിലാളികൾക്ക് തൊഴിലവസരം ലഭിക്കും. ജോലി സമയം ദീർഘിച്ചാൽ തൊഴിലവസരം കുറയും. തൊഴിലില്ലായ്മ രൂക്ഷമായ ഇന്ത്യക്ക് അഭികാമ്യമായത് ഏതാണ്?

വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽ സാഹചര്യം സംബന്ധിച്ച "ത്രികക്ഷി കൂടിയാലോചനാ പ്രമാണം" ഇന്ത്യ 1976 ൽ അംഗീകരിച്ചതാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങളിലും തൊഴിൽ വ്യവസ്ഥകളിലും മാറ്റങ്ങൾ വരുത്തുന്നത്, സർക്കാർ, തൊഴിലുടമകൾ, തൊഴിലാളികൾ എന്നിവർ കൂടിയാലോചിച്ച് വേണം. ഇപ്പോഴത്തെ തൊഴിൽ നിയമ ഭേദഗതികൾക്ക് മുമ്പ്, ഒരു സംസ്ഥാന സർക്കാരും തൊഴിലാളി സംഘടനകളുമായി കൂടിയാലോചിച്ചിട്ടില്ല. ഐഎൽഒ അംഗീകരിച്ച സുപ്രധാന പ്രമാണമാണ് ത്രികക്ഷി സമ്പ്രദായം. അതും ലംഘിക്കപ്പെട്ടു. വ്യവസായ സ്ഥാപനങ്ങളിൽ ലേബർ ഇൻസ്പെക്ടർമാരുടെ പരിശോധന, "ഇൻസ്പെക്ഷൻ രാജ്" എന്നധിക്ഷേപിച്ച് അതും ഒഴിവാക്കപ്പെട്ടു. ഇതിനെതിരെ സിഐടിയു നൽകിയ പരാതി ഐഎൽഒ പരിശോധിച്ച് വരികയാണ്.

**സർക്കാർ മുതലാളി വർഗത്തോടൊപ്പം**

മുതലാളി വർഗങ്ങൾക്ക് വഴങ്ങിയാണ് ഇന്ത്യയിലെ വിവിധ സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര സർക്കാരിന്റെയും തൊഴിൽ നയം രൂപം കൊള്ളുന്നത്. ഇന്ത്യൻ ജനതയുടെ ഭൂരിപക്ഷം വരുന്ന തൊഴിലെടുക്കുന്ന ജനതയുടെ താല്പര്യം അവർ ഗൗനിക്കുന്നില്ല. 12 തൊഴിലുടമാ സംഘടനകളുടെ ആവശ്യപ്രകാരമാണ് ബിജെപി തൊഴിൽ നിയമങ്ങളിൽ കൈവച്ചത്. കൗൺസിൽ ഓഫ് ഇന്ത്യൻ എംപ്ലോയേഴ്സ്; ഫിക്കി, അസോചം, പിഎച്ച്ഡി ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി, എന്നീ പ്രമുഖ മുതലാളി സംഘടനകളാണ് ഈ നീക്കങ്ങൾക്ക് നേതൃത്വം നൽകുന്നത്. നിലവിലുള്ള തൊഴിൽ നിയമങ്ങളെല്ലാം അടുത്ത മൂന്ന് വർഷത്തേക്ക് സസ്പെന്റ് ചെയ്യണമെന്നും ജോലി സമയം 12 മണിക്കൂറായി നിജപ്പെടു

ത്തണമെന്നുമായിരുന്നു അവർ സർക്കാരിനോടാവശ്യപ്പെട്ടത്. ഗുജറാത്ത് ചേമ്പർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി ട്രേഡ് യൂണിയനുകളെ ഒരു വർഷത്തേക്ക് നിരോധിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. നിലവിലുള്ള മിനിമം കൂലി കൂടുതലാണെന്നതിനാൽ കുറവ് വരുത്തണമെന്നും, തൊഴിലാളികളെ നിയമിക്കാനും യഥേഷ്ടം പിരിച്ച് വിടാനുള്ള സ്വാതന്ത്ര്യം വേണമെന്നുമുള്ള ആവശ്യങ്ങളാണ് മുതലാളിമാരുടെ സംഘടനകൾ ഉന്നയിച്ചത്. ഇതംഗീകരിച്ചു കൊണ്ടാണ് ബിജെപി സർക്കാരുകൾ ക്രൂരമായ തൊഴിലാളി വിരുദ്ധ നടപടികൾ സ്വീകരിച്ചത്.

കൊറോണ, തൊഴിലാളികളെ കടുത്ത ദുരിതത്തിലേക്കാണ് തള്ളിവിട്ടത്. ആഗോളതലത്തിൽ പകുതി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്നാണ് ഐഎൽഒ കണക്കാക്കുന്നത്. ഇന്ത്യയിൽ 40 കോടി തൊഴിലാളികൾ പട്ടിണിയിലേക്ക് തള്ളപ്പെടുമെന്നാണ് ഐഎൽഒയുടെ നിരീക്ഷണം. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി (CMIE) റിപ്പോർട്ടിൽ പറയുന്നത്. ഇന്ത്യയിൽ 140 ദശലക്ഷം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു എന്നാണ്. ഈ എണ്ണം വീണ്ടും വർധിച്ചതായും റിപ്പോർട്ടുകളുണ്ട്. ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 27 ശതമാനമായി ഉയർന്നു. കോടിക്കണക്കിന് കുടിയേറ്റ തൊഴിലാളികൾ തെരുവാധാരമായി. വിവരണാതീതമായ യാതനകളാണ് അവർ സഹിക്കേണ്ടി വരുന്നത്. തൊഴിലുമകളായ കരാറുകാർ, തൊഴിലാളികൾക്ക് വേതനമോ, ഭക്ഷണമോ നൽകുന്നില്ല. അവരെ സ്വന്തം നട്ടിലേക്ക് തിരിച്ച് പോകാനും അനുവദിക്കുന്നില്ല. ഒരു നിയമ പരിരക്ഷയുമില്ലാതെ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യാൻ ഇക്കൂട്ടർ വേണം. ഇതാണ് മുതലാളിത്തം. ലാഭം നേടാനായി മനുഷ്യനെയും പ്രകൃതിയെയും അവർ ചൂഷണം ചെയ്യും. നീതി, മനുഷ്യാവകാശങ്ങൾ എന്നിവയെക്കുറിച്ച് ഒരു ചിന്തയുമില്ല. മനുഷ്യത്വം, ധാർമികത എന്നൊന്നും മുതലാളി വർഗത്തിന്റെ അജണ്ടയിലില്ല.

**നിക്ഷേപം വരും പോലും?**

രാജ്യത്തേക്ക് പുതിയ വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കാനാണ് പോലും രണ്ട് നൂറ്റാണ്ട് കാലം തൊഴിലാളി വർഗം പൊരുതി നേടിയ

അവകാശങ്ങൾ നിഷ്കരുണം ചവിട്ടി മെതിക്കുന്നത്. കൊറോണ വ്യാപനത്തെ ചൊല്ലി അമേരിക്കയും ചൈനയും തമ്മിൽ തർക്കങ്ങളും ഭിന്നതയും ഉടലെടുത്തിരിക്കുന്നു. കൊറോണ ഭീതിയെ തുടർന്ന് ചൈന സുരക്ഷിത കേന്ദ്രമല്ല എന്ന് കണക്കാക്കി ബഹുരാഷ്ട്ര കുത്തക കമ്പനികൾ പലതും ചൈന വിടാൻ പോകുന്നു എന്നും അവരെ ഇന്ത്യയിലേക്കാകർഷിക്കാനാണ് ഇപ്പോഴത്തെ നടപടികൾ എന്നുമാണ് ബിജെപി സർക്കാരിന്റെയും വക്താക്കളുടെയും വാദം. "ലോകത്തിന്റെ ഉൽപാദന ശാല എന്ന പദവിയിൽ നിന്ന് ചൈനയെ മാറ്റണം" എന്നാണ് ചിലരുടെ വാദം.

ഇത്തരം വാദങ്ങൾ നിരത്തുന്നവരിൽ മുൻപൻ 'നീതി ആയോഗ്' (പ്ലാനിംഗ് കമ്മീഷൻ പിരിച്ച് വിട്ട് പകരം ഉണ്ടാക്കിയ സ്ഥാപനം) ചീഫ് എക്സിക്യൂട്ടീവ് അമിതാബ്കാന്ത് ഐഎഎസ് ആണ്. അദ്ദേഹം പറഞ്ഞു- "1991 ലെ പരിഷ്കാരങ്ങൾക്ക് ശേഷം ധീരമായ ചുവട് വെപ്പാണ് യുപി, മധ്യപ്രദേശ് സംസ്ഥാന സർക്കാരുകൾ നടത്തിയത്." "മറ്റ് മേഖലകളിലും പരിഷ്കാരം വരും. ഇപ്പോഴല്ലെങ്കിൽ മറ്റൊരിക്കലും ആവില്ല. സംസ്ഥാനങ്ങൾ ധീരമായ പരിഷ്കാരങ്ങളുമായി മുന്നോട്ട് പോവണം. നമുക്കൊരിക്കലും ഇത്തരം അവസരം ലഭിക്കില്ല. ഇത് പിടിച്ചെടുക്കൂ"- അദ്ദേഹം കൂട്ടിചേർത്തു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജുകളുടെ ഭാഗമായ സമ്പൂർണ സ്വകാര്യവൽക്കരണ നിർദേശങ്ങൾ ഇതുമായി ചേർത്ത് വായിക്കാം.

വിദേശ ബഹുരാഷ്ട്ര കുത്തകകൾ ചൈന വിട്ട് ഇന്ത്യയിലേക്ക് ഓടിവരുമെന്ന വാദം വസ്തുതാപരമല്ല. വ്യവസായ നിക്ഷേപങ്ങൾക്ക് അനുയോജ്യമായ അന്തരീക്ഷം ഇന്ത്യയിലില്ല. തടസ്സം തൊഴിൽ നിയമങ്ങളല്ല. നിക്ഷേപത്തിനനുകൂല സാഹചര്യമുണ്ടായിരുന്നുവെങ്കിൽ ഇന്ത്യൻ കുത്തകകൾ നിക്ഷേപം നടത്തുമായിരുന്നില്ലേ? കഴിഞ്ഞ ഏതാനും വർഷങ്ങളായി, ഇന്ത്യയിലെ വ്യവസായ വളർച്ചാ നിരക്ക് താഴോട്ടാണ്. 2019 ൽ ഓട്ടോമൊബൈൽ വ്യവസായ മേഖലയിലുണ്ടായ തകർച്ച ഇതിനുദാഹരണമാണ്. ജനങ്ങളുടെ വാങ്ങൽ കഴിവ് ഇടിഞ്ഞതിന്റെ ഫലമായി ഉൽപന്നങ്ങൾ വിൽക്കാൻ കഴിയാത്തതാണ്, ഇന്ത്യയിലെ വ്യവസായ വളർച്ച പുറകോട്ടായ

ത്- തൊഴിലാളികളും കർഷകരും അടങ്ങുന്ന ഭൂരിപക്ഷം ഇന്ത്യൻ ജനതയുടെ വരുമാനത്തിൽ വലിയ ഇടിവാണുണ്ടായത്. തൊഴിൽ നിയമങ്ങൾ നടപ്പാക്കാതിരുന്നതും കൂലി കുറഞ്ഞതുമാണ് ഒരു പ്രധാനകാരണം. കാർഷികോൽപന്നങ്ങളുടെ വിലയിടിവാണ് മറ്റൊരു പ്രധാന കാരണം. നവ- ഉദാരവൽക്കരണ നയങ്ങളാണ് ഈ അവസ്ഥ സൃഷ്ടിച്ചത്.

2014 ൽ മോഡി അധികാരത്തിൽ വന്ന ഉടനെ രാജസ്ഥാനിലെ ബിജെപി സർക്കാർ തൊഴിൽ നിയമങ്ങളിൽ ചിലത് തൊഴിലുടമകൾ ആവശ്യപ്പെട്ടത് പ്രകാരം ഭേദഗതി ചെയ്തു. ഇത്പോലെ മറ്റ് സംസ്ഥാനങ്ങളും ചെയ്യണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് കത്തെഴുതി. കോർപറേറ്റുകളും അവരുടെ സംഘടനകളും രാജസ്ഥാൻ സർക്കാരിന്റെ 'ധീരതയെ' പ്രശംസിച്ചു. ഈ നടപടിയുടെ ഭാഗമായി രാജസ്ഥാനിൽ തൊഴിലാളികളുടെ കൂലിനിരക്ക് കുറഞ്ഞു. തൊഴിലില്ലായ്മ കൂടി. സംസ്ഥാന ജി.ഡി.പി. താഴോട്ട് പോയി. വ്യവസായ നിക്ഷേപം, തൊഴിൽ സൃഷ്ടി എന്നിവ തൊഴിൽ നിയമങ്ങളെ മാത്രം ആശ്രയിച്ചല്ല. 2018-19 ലെ കേന്ദ്ര സർക്കാരിന്റെ " സാമ്പത്തിക സർവേ" റിപ്പോർട്ടിൽ പറയുന്നത്- "ഉയർന്ന മിനിമം കൂലി, തൊഴിൽ സൃഷ്ടിയെ ബാധിക്കില്ല" എന്നാണ്- തൊഴിൽ നിയമങ്ങൾ നടപ്പാക്കിയതല്ല രാജ്യത്തെ ഉൽപാദന ക്ഷമതയെ ബാധിക്കുന്ന പ്രശ്നം. തൊഴിലാളി സംഘടനകൾ ദുർബലമായ ഇന്ത്യയുടെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും വ്യവസായവൽക്കരണത്തിന്റെ പിന്നോക്കാവസ്ഥക്ക് കാരണം എന്താണ്? മുതലാളിത്ത വികസന നയങ്ങളാണ് രാജ്യത്തെ പുറകോട്ടടിപ്പിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

**നിക്ഷേപം ആകർഷിക്കൽ**

തൊഴിൽ നിയമങ്ങൾ എല്ലാം സസ്പെന്റ് ചെയ്താൽ വ്യവസായ നിക്ഷേപം ഒഴുകിയെത്തും എന്ന വാദം അബദ്ധജഡിലമാണ്. തൊഴിൽ നിയമങ്ങളിൽ അനുശാസിക്കുന്ന പലതും തൊഴിലാളികളുടെ മൗലികാവകാശമാണ്. ഒന്നാമതായി- തൊഴിലിടങ്ങളിലെ സുരക്ഷിതത്വം. ഇത് ഭരണഘടനയിലെ മൗലികാവകാശങ്ങളിൽപെട്ടതാണ്. നിക്ഷേപം ആകർഷിക്കാനെന്ന

പേരിൽ തള്ളിക്കളയാവുന്നതല്ല. വോട്ടവകാശം, അഭിപ്രായസ്വാതന്ത്ര്യം എന്നിവ നിക്ഷേപം ആകർഷിക്കാൻ വേണ്ടി തള്ളിക്കളയാവുന്നതാണോ? തൊഴിൽ അന്തരീക്ഷം സംബന്ധിച്ച് രാജ്യത്തിന്റെ സങ്കല്പത്തിന്റെ പ്രതീകമാണ് തൊഴിൽ നിയമങ്ങൾ. നിക്ഷേപം ആകർഷിക്കാനെന്ന പേരിൽ ആ കാഴ്ചപ്പാടിൽ മാറ്റം വരുത്തുകയാണ്. അങ്ങനെ ലാഘവത്തോടെ മാറ്റം വരുത്താവുന്ന ഒന്നല്ല തൊഴിൽ നിയമങ്ങൾ. എല്ലാ തൊഴിലാളികൾക്കും നിയമ പരിരക്ഷ നൽകുകയാണ് വേണ്ടത്.

രണ്ടാമത്- തൊഴിൽ നിയമങ്ങൾ വ്യവസായ നിക്ഷേപങ്ങളുടെ വഴി തടയുന്നു എന്ന വാദം അസംബന്ധമാണ്. ഈ വാദം തെളിയിക്കുന്ന ഒരു വസ്തുതയും നമ്മുടെ മുമ്പിലില്ല. നവ- ഉദാരവൽക്കരണ നയങ്ങൾ ആരംഭിച്ച കാലത്ത് ചില "സൈദ്ധാന്തികന്മാർ" ഇന്ത്യയിലെ വ്യവസായ വളർച്ചക്ക് തടസ്സം തൊഴിൽ നിയമങ്ങളാണെന്ന വാദം ഉയർത്തിയിരുന്നു. എന്നാൽ അത്തരം വാദങ്ങളെല്ലാം പിന്നീട് അപ്രസക്തമായി.

നിക്ഷേപം കമ്പോള വികസനത്തെ ആസ്പദമാക്കിയാണ്. സ്വാതന്ത്ര്യാനന്തരം, 4-ാം പഞ്ചവത്സര പദ്ധതി വരെ ഇന്ത്യൻ സമ്പദ്ഘടന വളർച്ചയിലായിരുന്നു. പിന്നീട് വളർച്ച മുരടിച്ചു. കാരണം പൊതുമേഖലയിലും സ്വകാര്യമേഖലയിലും വ്യവസായങ്ങൾ കൈവരിച്ച വളർച്ചക്കനുസരിച്ച് ജനങ്ങളുടെ വാങ്ങൽ കഴിവ്- കമ്പോളം - വികസിച്ചില്ല. അതിന് പ്രധാന കാരണം കാർഷിക മേഖലയിൽ നിലനിന്ന ഭൂപ്രഭുത്വം ആണ്. ഭൂപരിഷ്കരണ നടപടികളിലൂടെ കൃഷിഭൂമി കർഷകർക്ക് വിതരണം ചെയ്തിരുന്നുവെങ്കിൽ കോടിക്കണക്കിനു വരുന്ന ഗ്രാമീണ വാസികളായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വരുമാനം വർദ്ധിക്കുമായിരുന്നു വികസിച്ചു വന്ന വ്യവസായ ഉത്പന്നങ്ങളുടെ കമ്പോളം വികസിക്കുമായിരുന്നു. ഇന്ത്യൻ കുത്തക മുതലാളി വർഗ നേതൃത്വത്തിൽ രൂപംകൊണ്ട "ബൂർഷ്വ ഭൂപ്രഭു വർഗ്ഗ കൂട്ടുകെട്ടാണ്" അതിന് തടസ്സം നിന്നത്. ഭരണകൂടത്തിൽ തങ്ങൾക്കുള്ള പങ്ക് ഉപയോഗിച്ച് ഭൂപ്രഭു വർഗ്ഗം ഭൂപരിഷ്കരണം തടഞ്ഞു അതേ സമയം ഭരണകൂട ഇടപെടലിലൂടെ പൊതുമേഖല വികസിച്ചപ്പോൾ വ്യവസായ മേഖലയിൽ മോശമല്ലാത്ത വളർച്ച ഉണ്ടായി. ഈ വളർച്ചയെ തുടർ

ന്നും മുന്നോട്ടു നയിക്കാൻ ഇന്ത്യൻ ഭരണകൂടത്തിന്റെ വർഗ്ഗ- പരിമിതി കാരണം സാധിച്ചില്ല. ആ സാഹചര്യത്തിലാണ് ഇന്ത്യ സ്വാതന്ത്ര്യാനന്തരം സോവിയറ്റ് സഹായത്തോടെ ആരംഭിച്ച നയങ്ങൾ ഉപേക്ഷിച്ചു ലോക ബാങ്കിന്റെ ഐഎംഎഫ് ന്റെയും നിർദ്ദേശാനുസരണമുള്ള നയങ്ങളിലേക്ക് മാറിയത്. സാമ്പത്തിക- വ്യവസായ വളർച്ചയെ നിയന്ത്രിക്കുന്നത് കേവലം തൊഴിൽ നിയമങ്ങൾ അല്ല എന്ന് ഇതിൽനിന്ന് വ്യക്തമാകും.

**തൊഴിൽ നിയമങ്ങൾ ദുർബലമായാൽ?**

തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തു തൊഴിലാളി സംഘടനകളെയും കൂട്ടായ വിലപേശലിനെയും ദുർബലമാക്കിയാൽ എന്തു സംഭവിക്കും? സോവിയറ്റ് തകർച്ചയെ തുടർന്ന് ലോകത്താകെ ആഗോളവൽക്കരണനയങ്ങൾ അടിച്ചേൽപ്പിച്ച സാമ്രാജ്യത്വം തൊഴിലാളിവർഗ്ഗ സംഘടനകളെ ദുർബലമാക്കി. യൂണിയനുകളിലെ അംഗ സംഖ്യ കുറഞ്ഞു. പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യവസായങ്ങളെ വിഘടിപ്പിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്തു. സ്ഥിരം ജോലികൾ കുറഞ്ഞു താൽക്കാലിക കരാർ ജോലികൾ വ്യാപിച്ചപ്പോൾ വേതനം ഇടിഞ്ഞു. ഇത് കമ്പോള വികസനത്തെ ബാധിച്ചു. എല്ലാം കമ്പോളം ക്രമപ്പെടുത്തും എന്നായിരുന്നു മുതലാളിത്ത സൈദ്ധാന്തികർ പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ 2007- 2008 ൽ അമേരിക്കൻ സമ്പദ്ഘടനയും തുടർന്ന് ആഗോള സമ്പദ്ഘടനയും ഗുരുതരമായ പ്രതിസന്ധി നേരിട്ടപ്പോൾ കമ്പോള സൈദ്ധാന്തികർക്ക് ഉത്തരം മുട്ടി. കൂട്ടായ വിലപേശിലൂടെ തൊഴിലെടുക്കുന്നവരുടെ വരുമാനത്തിൽ പടിപടിയായ വർധന ഉണ്ടാക്കുകയും അത് വഴി കമ്പോള വികസനം സാധ്യമാക്കുകയും ചെയ്യുന്നതിലൂടെയാണ് വ്യവസായങ്ങൾ വളർച്ച നേടുന്നത് എന്നതാണ് യഥാർത്ഥ്യം. യാഥാർഥ്യത്തിന് നിരക്കാത്ത നടപടിയാണ് തൊഴിലാളികളുടെ കൂട്ടായ വിലപേശലിനെയും വേതന വർദ്ധനവിനെയും തടയുന്ന നടപടി. വേതനനിരക്ക് കുറയുമ്പോൾ മുതലാളിമാരുടെ ലാഭം കൂടും. എന്നാൽ ഇതുകൊണ്ടുമാത്രം നിക്ഷേപം കൂടില്ല. കമ്പോളത്തിലെ ചലനങ്ങൾക്ക് അനുസൃതമായേ നിക്ഷേപം വർദ്ധിക്കൂ. തൊഴിൽ നിയമങ്ങൾ ദുർബലമായാൽ സംഭവിക്കുന്നത് കോർപ്പറേറ്റ് ലാഭം വർദ്ധിക്കലാണ് ഇത്

സമ്പദ്ഘടനയിൽ ചോദനം (ഡിമാൻഡ്) കുറയാൻ ഇടയാക്കും. ലാഭത്തിന്റെ 'യൂണിറ്റ്' കൊണ്ടുള്ള വാങ്ങൽ, കൂലിയുടെ 'യൂണിറ്റ്' കൊണ്ടുള്ള വാങ്ങൽ പോലെ വർദ്ധിക്കില്ല. കമ്പോളം ശുഷ്കിച്ച് നിക്ഷേപം കുറഞ്ഞാൽ തൊഴിൽ സൃഷ്ടിയിലും സമ്പത്തുൽപാദനത്തിലും (വികസനത്തിൽ) കുറവുണ്ടാവും. കൂലി കുറച്ച് ലാഭനിരക്ക് ഉയർത്തുന്നത് സമ്പദ്ഘടനയ്ക്ക് ദോഷകരമാകും. അത്തരം സാഹചര്യത്തിൽ പുതിയ തൊഴിൽ സൃഷ്ടി നടക്കില്ല. മറ്റു പ്രദേശങ്ങളിൽ ഡിമാൻഡ് നിലനിൽക്കുന്നിടത്തോളം കാലം അടച്ചുപൂട്ടൽ ഉണ്ടാവില്ല എന്ന് മാത്രം. അന്താരാഷ്ട്ര കമ്പോളത്തെ ലക്ഷ്യംവെച്ചുള്ള വിദേശമൂലധനം കൊണ്ട് ഈ സാഹചര്യത്തെ മറികടക്കാൻ ആവില്ല. വിദേശ മൂലധന നിക്ഷേപത്തിന് പരിഗണിക്കപ്പെടുന്ന വിഷയങ്ങളിലൊന്നു മാത്രമാണ് 'വേതന' ഘടകം. തൊഴിലാളികളുടെ യോഗ്യത അവരുടെ വിദ്യാഭ്യാസ നിലവാരം എന്നിവയൊക്കെ പ്രധാന ഘടകങ്ങളാണ്. ആവശ്യത്തിന് ശൗചാലയ സൗകര്യം, ഭക്ഷണശാല ഇതൊന്നുമില്ലാതെ ദീർഘസമയം തൊഴിൽ ചെയ്യേണ്ടിവരുന്ന തൊഴിലാളികൾ കുപിതരും, അസംതൃപ്തരുമാവും. അത്തരം തൊഴിലാളികൾ ചൈനയിൽ നിന്ന് വരുന്നത് ഉൾപ്പെടെയുള്ള വിദേശ നിക്ഷേപം ആകർഷിക്കുന്ന കാന്തം ആവാൻ ഇടയില്ല.

ലോക സമ്പദ്ഘടനയിൽ വലിയ നിക്ഷേപം നടക്കുന്നില്ല. മുമ്പുതന്നെ ലോക സമ്പദ്ഘടന മാന്ദ്യത്തിന്റെ പിടിയിലായിരുന്നു. തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്യുന്നതിനു മുമ്പ് തന്നെ ഇന്ത്യൻ തൊഴിലാളിക്ക് ചൈനീസ് തൊഴിലാളിയെക്കാൾ വേതനം കുറവാണ്. എന്നിട്ടും എന്തുകൊണ്ട് കൂടുതൽ നിക്ഷേപം വന്നില്ല. ചൈന മറ്റ് ഏഷ്യൻ രാജ്യങ്ങൾ എന്നിവയെ അപേക്ഷിച്ച് വിദേശനിക്ഷേപം ആകർഷിക്കുന്നതിൽ ഇന്ത്യ പുറകിലാണ്. മോഡി "മെയ്ക്ക് ഇൻ ഇന്ത്യ" പ്രചരണവുമായി ലോകമാകെ സഞ്ചരിച്ചു എന്നിട്ടും കാര്യമായ വിദേശനിക്ഷേപം (F.D.I.) ആകർഷിക്കാനായില്ല. ഇന്ത്യയിലെ ഉൽപ്പാദന വളർച്ച നിരക്ക് പൂജ്യമാണ് അല്ലെങ്കിൽ ന്യൂനം ആണ് (നെഗറ്റീവ്). കൊറോണക്ക് മുമ്പുള്ള അവസ്ഥയാണിത്. ഈ സാഹചര്യത്തിൽ വിദേശ നിക്ഷേപം മാത്രമല്ല ആഭ്യന്തര നിക്ഷേപവും ഉണ്ടാവില്ല. രാജ്യത്ത് ഒരിടത്തും പറയത്തക്ക നിക്ഷേപം നടക്കുന്നില്ല. തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്തത്

കൊണ്ട് മാത്രം മൂലധനം ആകർഷിക്കാനാവില്ല. സംസ്ഥാനങ്ങൾ തമ്മിലുള്ള അനാരോഗ്യ മത്സരവും രാഷ്ട്ര താൽപര്യത്തിനെതിരാവും.

മേൽ വിവരിച്ച സാഹചര്യത്തിൽ നിക്ഷേപം വർദ്ധിക്കാതെ കൂലി കുറയുകയും ലാഭം വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥ വന്നാൽ ഡിമാൻഡ് കുറയാനും കമ്പോളം ശുഷ്കിക്കാനും കാരണമാവും. അത് തൊഴിൽ കുറയുന്ന അവസ്ഥ സൃഷ്ടിക്കും. ഈ അവസ്ഥ നിക്ഷേപത്തെ പുറകോട്ടടിപ്പിക്കും. ഒടുവിലത് ലാഭത്തെയും ബാധിക്കും. ചെറുകിട ഉൽപാദകരിൽ നിന്ന് ലാഭം കോർപ്പറേറ്റുകളിലേക്ക് മാറും. കമ്പോളത്തിലെ ഡിമാൻഡ് കുറയുമ്പോൾ കാർഷിക ഉൽപ്പന്നങ്ങൾക്കും ഡിമാൻഡ് കുറയും. കർഷകരും പ്രതിസന്ധിയിലാകും. തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്യുമ്പോൾ ഉണ്ടാവാനിടയുള്ള പ്രത്യാഘാതം ഗുരുതരമാണ്. തൊഴിൽ നിയമം റദ്ദ് ചെയ്യൽ തൊഴിലാളികൾക്ക് നേരെയുള്ള ആക്രമണം മാത്രമല്ല ചെറുകിട ഉൽപാദകർക്ക് മേലുള്ള ആക്രമണമാണ്. കോർപ്പറേറ്റ് താൽപര്യങ്ങൾ ചെറുകിടക്കാരുടെ ചെലവിൽ സംരക്ഷിക്കപ്പെടും. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള ബിജെപി സർക്കാരുകളുടെയും നയം ഇതാണ്. കോർപ്പറേറ്റുകൾക്ക് ഔദാര്യങ്ങൾ നൽകിയാൽ നിക്ഷേപവും തൊഴിലും വർദ്ധിക്കാൻ സഹായകരമാവും എന്ന വാദം ഒരു നൂറ്റാണ്ടുമുമ്പേ തള്ളപ്പെട്ടതാണ്. തൊഴിൽ നിയമങ്ങൾ വ്യവസായ വളർച്ചയ്ക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ടോ? ഇതു സംബന്ധിച്ച് പല പഠനങ്ങളും നടത്തിയിട്ടുണ്ട്. ലോകബാങ്ക് സർവ്വേ 2014 ൽ തൊഴിലുടമകളോട് ഈ ചോദ്യം ചോദിച്ചു. തൊഴിലുടമകൾ നൽകിയ മറുപടിയിൽ തൊഴിൽ നിയമ പരിഷ്കാരങ്ങൾ വ്യവസായികളുടെ മുൻപിലുള്ള ആദ്യത്തെ പത്ത് പ്രശ്നങ്ങളിൽ ഉൾപ്പെടുന്നില്ല. അവർ ഉന്നയിച്ച പ്രശ്നങ്ങൾ - വിദഗ്ധ തൊഴിലാളികളുടെ ലഭ്യത, തൊഴിൽ നിയമങ്ങൾ അയവേറിയതാക്കുന്നതിനെക്കാൾ പ്രധാനമാണ് സഹകരണാത്മകമായ തൊഴിലുടമ- തൊഴിലാളി ബന്ധമാണ് അവർ മുൻഗണന നൽകുന്നത്. ഇപ്പോഴത്തെ തൊഴിൽ നിയമ ഭേദഗതികൾ വ്യവസായങ്ങളിൽ അസംതൃപ്തി സൃഷ്ടിക്കും. തൊഴിൽമേഖലയിൽ അശാന്തി പടരും. വ്യവസായ പുരോഗതി കൈവരിക്കാനുള്ള താല്പര്യങ്ങൾക്ക് വിഘാതമാകും. ഈ നിയമങ്ങൾ വ്യ

വസായികൾക്ക് ഗുണം ചെയ്യില്ല. കാരണം ഇത് തൊഴിലാളി ക്ഷേമത്തെ പ്ര തികൂലമായി ബാധിക്കുന്നതും അവരുടെ ശേഷിയെ ബാധിക്കുന്നതുമാണ്.

ഇന്ത്യ, തൊഴിലാളികൾ ആവശ്യത്തിലധികമുള്ള രാജ്യമാണെന്നാണ് പല സാമ്പത്തിക വിദഗ്ധൻമാരും കണക്കാക്കുന്നത്. വലിയ തോതിലുള്ള തൊഴിലില്ലായ്മ കാരണം താഴെത്തട്ടിൽ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത മാത്രമുള്ള തൊഴിലാളികളെ ധാരാളം ലഭ്യമാണ്. ഇത് തൊഴിലുടമകളുടെ വിലപേശൽ ശക്തി വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം നിയമങ്ങളിലൂടെ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കലാണ്. കമ്പോളം ഒരിക്കലും അവർക്ക് മതിയായ സംരക്ഷണം നൽകില്ല.

തൊഴിലുടമകൾ തൊഴിൽ നിയമങ്ങളെ ഒരു പ്രതിബന്ധമായി കാണുന്നത് എന്തുകൊണ്ടാണ്? അവർക്ക് തൊഴിൽ ബന്ധങ്ങൾ, വേതന നിർണയം, തൊഴിൽ വ്യവസ്ഥകൾ എന്നിവകളിലെല്ലാം സ്വാതന്ത്ര്യം വേണമെന്നാണ് ആഗ്രഹം. ഇത് അനുവദിച്ചു കൊടുക്കലല്ല സർക്കാരുകളുടെ ചുമതല. തൊഴിലുടമകൾക്ക് എല്ലാ സ്വാതന്ത്ര്യവും നൽകിയാൽ അവർക്ക് കൂടുതൽ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുമോ? തൊഴിൽ സൃഷ്ടിയിൽ തൊഴിൽ നിയമങ്ങൾക്ക് മാത്രം എന്തെങ്കിലും പങ്കുണ്ടെന്നു കരുതാൻ ഒരു കാരണവുമില്ല. മറിച്ച് തൊഴിൽ നിയമങ്ങൾ ദുർബലപ്പെടുത്തിയാൽ അത് തൊഴിൽ സാഹചര്യവും തൊഴിലാളികളുടെ ജീവിതവും വഷളാക്കും. സമ്പദ്ഘടനയുടെ ആരോഗ്യകരമായ വളർച്ചയെ ഏതെങ്കിലും വിധത്തിൽ തൊഴിൽ നിയമങ്ങൾ തടയുന്നുണ്ടോ? സമ്പദ്ഘടനയുടെ ഇന്നത്തെ ദുസ്ഥിതിക്ക് കാരണം ഏതെങ്കിലും തൊഴിൽ നിയമമാണോ? ഇന്ത്യൻ സാമ്പത്തിക വളർച്ച ഇടിയുന്നതും കയറ്റുമതി കുറയുന്നതും ഏതു തൊഴിൽ നിയമം കാരണമാണ്? ഇതെല്ലാം സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിന് വ്യക്തമായ ഒരു നയം ഉണ്ടാവേണ്ടിയിരിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ, വ്യവസായനയം, വ്യാപാര നയം തുടങ്ങിയവയെല്ലാമാണ് തൊഴിൽ സൃഷ്ടിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കേണ്ടത്. ഇവയൊന്നും ശരിയല്ലെങ്കിൽ തൊഴിൽ നിയമങ്ങൾ ദുർബലമാക്കുന്നത് കൊണ്ട് മാത്രം ഒ

രു നേട്ടവും കൈവരിക്കാനാവില്ല. മറിച്ച് തൊഴിൽ സാഹചര്യം വഷളാവുകയും ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാവുകയും ചെയ്യും.

കൂടുതൽ നിക്ഷേപം ആകർഷിക്കാൻ അയവേറിയ തൊഴിൽ നിയമം, കുറഞ്ഞ കൂലി തുടങ്ങിയവ മാത്രമല്ല മാനദണ്ഡം. പൊതുവായ വ്യവസായ അന്തരീക്ഷം സർക്കാരിന്റെയും അതിന്റെ നയങ്ങളുടെയും വിശ്വാസ്യത, പശ്ചാത്തല സൗകര്യ വികസനം, വൈദ്യുതി- വെള്ളം എന്നിവയുടെ ലഭ്യത, ഗതാഗതസൗകര്യം, തൊഴിലാളികളുടെ നിലവാരവും വൈദഗ്ധ്യവും ഇതെല്ലാം ഘടകങ്ങളാണ്. ഇവയൊന്നും പരിഗണിക്കാതെ തൊഴിൽ നിയമങ്ങൾ സസ്പെൻഡ് ചെയ്താൽ ഉടനെ കൂടുതൽ നിക്ഷേപം വരും എന്ന് വാദിക്കുന്നത് മണ്ടത്തരമാണ്. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ ട്രേഡ് യൂണിയനുകളെ വിശ്വാസത്തിലെടുത്ത് അവരുമായി ചർച്ച ചെയ്യണമായിരുന്നു. ഏതെങ്കിലും മേഖലയിൽ പ്രതിസന്ധി തരണം ചെയ്യാൻ വേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി ഉള്ളു തുറന്നു ചർച്ച ചെയ്താൽ തീരുമാനത്തിൽ എത്താൻ കഴിയുമായിരുന്നു. വ്യവസായ പ്രശ്നങ്ങൾ, രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി, ലോക സാമ്പത്തിക സ്ഥിതി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയെക്കുറിച്ചെല്ലാം നന്നായി പഠിക്കുന്നവരാണ് ട്രേഡ് യൂണിയനുകൾ.

കോവിഡ് കാലത്തെ പ്രതിസന്ധി സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താമായിരുന്നു. എന്താണ് മുന്നോട്ടുപോകാനുള്ള പോംവഴി എന്നതിനെക്കുറിച്ച് അവർ ക്രിയാത്മകമായി പ്രതികരിക്കുമായിരുന്നു. ഇത്തരം സാഹചര്യത്തിൽ നിരുത്തരവാദപരമായി ട്രേഡ് യൂണിയനുകൾ പെരുമാറുകയായിരുന്നു എങ്കിൽ മറ്റു നടപടികളെക്കുറിച്ച് സർക്കാരിന് ആലോചിക്കാമായിരുന്നു. അത്തരമൊരു കൂടിയാലോചന ഒരു തലത്തിലും നടത്താതെയാണ് സർക്കാരുകൾ ഏകപക്ഷീയമായി ഓർഡിനൻസ് വഴി തെരഞ്ഞെടുത്തത്.

**കേരളം വേറിട്ടുനിൽക്കുന്നു**

ബിജെപി- കോൺഗ്രസ് പാർട്ടികൾ നേതൃത്വം നൽകുന്ന സംസ്ഥാ

ന സർക്കാരുകൾ തൊഴിൽ നിയമങ്ങൾ സസ്പെൻഡ് ചെയ്യുന്ന നടപടികൾ ആരംഭിച്ചപ്പോൾ വേറിട്ടൊരു ശബ്ദമുയർന്നത് കേരളത്തിൽ നിന്നാണ്. തൊഴിലാളി വിരുദ്ധ നയങ്ങൾ കേരളം അംഗീകരിക്കില്ലെന്ന് എൽഡിഎഫ് സർക്കാരിന്റെ തൊഴിൽ വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. നേരത്തെ ഫിക്സഡ് എംപ്ലോയ്മെന്റ്, നോട്ടിഫിക്കേഷനിലൂടെ നടപ്പാക്കാൻ ശ്രമിച്ചപ്പോഴും കേരളം എതിർത്തു. തൊഴിൽ നിയമങ്ങൾ ലേബർ കോഡുകൾ ആക്കുന്ന പ്രക്രിയയുടെ ഭാഗമായി പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി മുമ്പാകെ തൊഴിലാളികളെ സംരക്ഷിക്കുന്ന അഭിപ്രായങ്ങൾ കേരളം പറയുകയുണ്ടായി. മിനിമം വേതനം നടപ്പാക്കുന്നതിലും തൊഴിലാളി ക്ഷേമ നടപടികൾ കൈകൊള്ളുന്നതിലും കേരളം മറ്റുള്ളവർക്ക് മാതൃകയാണ്. കോവിഡ് 19 ന്റെ വ്യാപനത്തെ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗൺ കാലത്ത് ഒരു കോടിയോളം തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡുകൾ മുഖേന സാമ്പത്തികാശ്വാസം നൽകുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്ന കാര്യത്തിലും കേരളം മാതൃക കാണിച്ചു. നവ- ഉദാരവൽക്കരണ നയങ്ങൾക്ക് എല്ലാരംഗത്തും ബദൽ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് കേരളം മുന്നോട്ടു പോകുന്നത്. അതാണ് കേരളത്തെ ഇന്ത്യയിൽ വേറിട്ടുനിർത്തുന്നത്.

**തൊഴിൽ നിയമങ്ങൾ തകർക്കുന്ന കേന്ദ്ര നയം**

രാജ്യത്തെ തൊഴിൽ നിയമങ്ങൾ തൊഴിലുടമകൾക്കനുകൂലമായി ഭേദഗതി ചെയ്യാൻ മോഡി സർക്കാർ 2014 ൽ അധികാരത്തിൽ വന്ന ഉടൻ ശ്രമങ്ങൾ ആരംഭിച്ചിരുന്നു. കോർപറേറ്റുകളുടെ പിന്തുണയോടെ അധികാരത്തിൽ വന്ന ബിജെപി സർക്കാർ നവ- ഉദാരവൽക്കരണ നയങ്ങൾക്ക് തീവ്രത കൂട്ടി. പൊതുമേഖലാ സ്വകാര്യ വൽക്കരണത്തിന് വേഗതകൂട്ടി, വിദേശനിക്ഷേപത്തിന് വാതിൽ തുറന്നിട്ടു ഇതിന്റെ തുടർച്ചയായിട്ടാണ് തൊഴിൽ നിയമങ്ങളെ പിടികൂടിയത്.

ആദ്യപടി എന്ന നിലയിൽ ബിജെപിയുടെ നേതൃത്വത്തിലുണ്ടായി

രുന്ന രാജസ്ഥാൻ സംസ്ഥാന സർക്കാർ ചില തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തു. വ്യവസായശാലകൾ ലേ-ഓഫ് ചെയ്യുക- അടച്ചുപൂട്ടുക എന്നീ നടപടികൾ സ്വീകരിക്കുമ്പോൾ 100 ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളാണെങ്കിൽ സംസ്ഥാന സർക്കാരുകളുടെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ മാറ്റി, പരിധി 300 തൊഴിലാളികൾ എന്നാക്കി. തൊഴിലുടമകൾ വളരെക്കാലമായി ആവശ്യപ്പെട്ടു വരുന്നതാണ് ഇത്. ലേബർ ഇൻസ്പെക്ടർമാരുടെ പരിശോധന നിർത്തലാക്കി. സുപ്രധാനമായ ഭേദഗതികൾ വരുത്തുന്നതിനു മുമ്പ് തൊഴിലാളി സംഘടനകളുമായി കൂടിയാലോചന പോലും നടത്തിയില്ല. രാജസ്ഥാൻ സർക്കാരിന്റെ നടപടി മറ്റ് സംസ്ഥാന സർക്കാരുകളും പിന്തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് കത്തെഴുതി.

44 തൊഴിൽ നിയമങ്ങൾ 4 ലേബർ കോഡുകൾ ആക്കി മാറ്റാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. ദേശീയ ട്രേഡ് യൂണിയനുകൾ ഇതിനെ എതിർത്തു. 2015 ൽ ദേശീയ പണിമുടക്ക് നടത്തി. പണിമുടക്ക് ആഹ്വാനം ചെയ്യുമ്പോൾ മറ്റുള്ളവരോടൊപ്പം നിന്ന ബിഎംഎസ് പണിമുടക്കിനടുത്ത ദിവസം പിൻവാങ്ങി. ആർഎസ്എസ് സമ്മർദ്ദത്തെത്തുടർന്നാണ് ബിഎംഎസ് പിൻവാങ്ങിയത്.

കോഡ് ഓൺ വേജസ്- ബില്ലായി പാർലമെന്റിൽ അവതരിപ്പിച്ചു. പാർലമെന്റിൽ ഇടതുപക്ഷം ഇതിനെ ശക്തിയായി എതിർത്തു. ആ കാലത്ത് രാജ്യസഭയിൽ ബിജെപിക്ക് ഭൂരിപക്ഷമുണ്ടായിരുന്നില്ല. ബില്ല് പാസാക്കാൻ കഴിഞ്ഞില്ല. 2019 ലെ തെരഞ്ഞെടുപ്പിൽ ലോകസഭയിൽ വൻ ഭൂരിപക്ഷം നേടിയ ബിജെപി രാജ്യസഭയിലും വളഞ്ഞ വഴിയിലൂടെ ഭൂരിപക്ഷം നേടിയെടുത്തു. പ്രതിപക്ഷ പാർട്ടികളിൽ നിന്നുമുള്ള കൂറുമാറ്റം സംഘടിപ്പിച്ചാണ് ഇത് സാധിച്ചെടുത്തത്. ഇപ്പോൾ ബിജെപി ആഗ്രഹിക്കുന്നതെന്തും രാജ്യസഭയിലും പാസാക്കാൻ കഴിയും. ഈ സാഹചര്യത്തിലാണ് "കോഡ് ഓൺ വേജസ്" പാർലമെന്റിൽ വന്നത്.

നാല് നിയമങ്ങൾ- മിനിമം വേജസ് ആക്ട്, പെയ്മെന്റ് ഓഫ് വേജസ് ആക്ട്, ബോണസ് ആക്ട്. ഈക്വൽ റെമ്യൂണറേഷൻ ആക്ട്കൾക്ക് പകര

മായിട്ടാണ് കോഡ് ഓൺ വേജസ് തയ്യാറാക്കിയത്. പുതിയ കോഡിൽ മിനിമം വേതനതത്വം അട്ടിമറിച്ചു. ബോണസ് നിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥകളിൽ അയവ് വരുത്തി. ഈ കോഡിനെ ട്രേഡ് യൂണിയനുകൾ ശക്തിയായി എതിർത്തു. പാർലമെന്റിലെ ഇരുസഭകളിലും ഇടതുപക്ഷ അംഗങ്ങൾ ബില്ലിനെ എതിർക്കുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. അതൊന്നും സർക്കാർ ഗൗനിച്ചില്ല. ലോകസഭയിൽ പ്രസ്തുത നിയമം ശബ്ദവോട്ടോടെ പാസായി. രാജ്യസഭയിൽ ഇടതുപക്ഷം നൽകിയ ഭേദഗതികളിൽ മേലും, ബില്ല് പാസാക്കുന്ന ഘട്ടത്തിലും വോട്ടെടുപ്പ് നടന്നു. ബില്ലിനെതിരായി 8 വോട്ടുകൾ (സിപിഐ(എം)- 5, സിപിഐ -1, ഡിഎംകെ-1, സമാജ് വാദി പാർട്ടി- 1) ലഭിച്ചു. കോൺഗ്രസ് ഉൾപ്പെടെയുള്ള മറ്റ് പ്രതിപക്ഷ പാർട്ടികളും ബില്ലിനെ പിന്തുണച്ചു. ബില്ല് പാസായി. കോഡ് ഓൺ വേജസിനുള്ള ചട്ടങ്ങൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

മറ്റ് മൂന്നു കോഡുകൾ- കോഡ് ഓൺ ഒക്യുപേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത്. കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി- പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിട്ടു. ലേബർ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇടതുപക്ഷവും, ഡിഎംകെയും കോഡുകളിലെ തൊഴിലാളിവിരുദ്ധ വ്യവസ്ഥകളെ എതിർത്തു. ഭിന്നാഭിപ്രായം രേഖപ്പെടുത്തി. അടുത്ത പാർലമെന്റ് സമ്മേളനത്തിൽ പാസാക്കാനാണ് സർക്കാർ തീരുമാനം.

സംഘടിതമേഖലയിലെ തൊഴിലാളികളെ ബാധിക്കുന്നതാണ് ഭൂരിപക്ഷം തൊഴിൽ നിയമങ്ങളും. 1991 മുതൽ ലോകത്താകെ ഉദാരവൽക്കരണ- സ്വകാര്യവൽക്കരണ- ആഗോളവൽക്കരണ നയങ്ങൾ ആരംഭിച്ച ഘട്ടം മുതൽ തൊഴിൽ നിയമങ്ങൾക്കെതിരെ ആഗോളതലത്തിൽ ആക്രമണം തുടങ്ങി. കോർപ്പറേറ്റുകളുടെ സ്വാധീനത്തിലുള്ള മുതലാളിത്ത ഭരണകൂടങ്ങൾ തൊഴിൽ നിയമങ്ങളിൽ മുതലാളിവർഗ്ഗം ഉദ്ദേശിച്ച ഭേദഗതികൾ വരുത്തി. അന്നുമുതൽ ഇന്ത്യയിലും ഈ ആവശ്യം ഉയർന്നെങ്കിലും തൊഴിലാളികളുടെ കടുത്ത എതിർപ്പുകാരണം ഭേദഗതി ചെയ്യാൻ കഴിഞ്ഞില്ല. കോർപ്പറേറ്റുകൾക്കനുകൂലമായ നയം സ്വീകരിക്കുന്ന ബിജെപി ഒറ്റയ്ക്ക് ഭൂരിപ

ക്ഷം നേടുകയും ബൂർഷ്വാ പാർട്ടിയായ മുഖ്യ പ്രതിപക്ഷ കക്ഷി കോൺഗ്ര സ് ഈ നയങ്ങളെ അനുകൂലിക്കുകയും ചെയ്തതിനാൽ തൊഴിൽ നിയമ ങ്ങൾ ദുർബലമാകുന്ന നടപടി വേഗത്തിലായി. തൊഴിൽ നിയമങ്ങൾ ദുർ ബലമാകുന്നത് രാജ്യത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

**ട്രേഡ് യൂണിയനുകൾ ദുർബലമായാൽ?**

ട്രേഡ് യൂണിയനുകൾ ദുർബലമായാൽ തൊഴിലാളികളുടെ കൂ ട്ടായ വിലപേശൽ ദുർബലമാവും. തൊഴിലാളി- മുതലാളി തർക്കങ്ങളിൽ ഇരുകക്ഷികളും തുല്യനിലയിലല്ല. മുതലാളിത്ത വ്യവസ്ഥയിൽ മൂലധന ത്തിന്റെ ഉടമ മുതലാളിവർഗ്ഗമാണ്. തൊഴിലാളിയുടെ മുടക്ക് അവരുടെ ചോരയും, വിയർപ്പും, അധ്വാനവുമാണ്. അധ്വാനശക്തി വിൽക്കുന്നതിലൂ ടെ ലഭിക്കുന്ന പ്രതിഫലം (കൂലി) കൊണ്ടു മാത്രം ജീവിക്കാൻ കഴിയുന്നവ രാണ് തൊഴിലാളികൾ. സമൂഹത്തിൽ ഭൂരിപക്ഷം അവരാണ്. ഈ പാവപ്പെ ട്ട ജനങ്ങൾക്ക് നീതി ഉറപ്പാക്കാനാണ് സർക്കാരുകൾ തൊഴിൽ നിയമങ്ങൾ ഉണ്ടാക്കിയത്. എന്നാൽ നിയമങ്ങൾ നടപ്പാക്കേണ്ട ഭരണകൂടങ്ങളെ നിയ ന്ത്രിക്കുന്നത് മുതലാളിത്ത ശക്തികൾ ആണെങ്കിൽ തൊഴിലാളികൾക്ക് നീ തി ലഭിക്കില്ല.

മനുഷ്യാദ്ധ്വാനമാണ് എല്ലാ സമ്പത്തും സൃഷ്ടിക്കുന്നത്. മുതലാളി ത്ത വ്യവസ്ഥയിൽ മുതലാളി, തൊഴിലാളിക്ക് നൽകുന്ന കൂലി അധ്വാനശ ക്തിയുടെ 'വില'യാണ്. വിലകൊടുത്തു വാങ്ങുന്ന അധ്വാനശക്തിയെ തന്റെ ഇംഗിതത്തിനനുസരിച്ച് മുതലാളി ഉപയോഗിക്കുന്നു. അധ്വാനശക്തിക്ക് മു തലാളി നൽകുന്ന വിലയെക്കാൾ കൂടുതൽ മൂല്യം സൃഷ്ടിക്കാനാവും. അ തുമുഴുവൻ മൂലധന ഉടമ എന്ന നിലയിൽ മുതലാളി സ്വന്തമാക്കുന്നു. അ താണ് മുതലാളിയുടെ ലാഭം. തനിക്ക് ലഭിച്ച കൂലിയെക്കാൾ കൂടുതൽ മൂ ല്യം മുതലാളി കൈവശപ്പെടുത്തുന്നു എന്ന് മനസ്സിലാക്കുന്ന തൊഴിലാളി തന്റെ പങ്കു വർധിപ്പിക്കണമെന്ന ആവശ്യം ഉയർത്തും. ഒറ്റയ്ക്ക് ഒന്നും നേ ടാൻ കഴിയാത്തതിനാൽ ഒരു വ്യവസായത്തിലെ തൊഴിലാളികൾ ഒന്നിച്ചു ചേർന്ന് ട്രേഡ് യൂണിയൻ രൂപീകരിച്ച ് ഈ ആവശ്യം ഉന്നയിക്കും. ചില പ്പോൾ സമ്മർദ്ദം ചെലുത്തും. ഇതിനെയാണു കൂട്ടായ വിലപേശൽ എന്നു

പറയുന്നത്. ഇതുവഴിയാണ് തൊഴിലാളികളുടെ അധ്വാനം സൃഷ്ടിച്ച സമ്പ ത്തിൽ നിന്ന് നേരത്തെ നിശ്ചയിച്ച കൂലിയേക്കാൾ എന്തെങ്കിലും വർദ്ധന വ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. അല്ലാത്തപക്ഷം അധ്വാനം സൃഷ്ടിച്ച സമ്പത്ത് മുതലാളി വർഗത്തിന്റെ കയ്യിൽ കേന്ദ്രീകരിക്കും. മറിച്ച് തൊഴി ലാളികൾക്ക് ലഭിക്കുന്ന വേതനം അവർ ഉപജീവന ഉപാധികൾ വാങ്ങാൻ ഉപയോഗിക്കും. കമ്പോളങ്ങളിൽ നിന്നാണ് അവർ വാങ്ങുന്നത്. തൊഴിലാ ളികളുടെ എണ്ണവും കൂലിയും വർദ്ധിക്കുന്നതിനനുസരിച്ച് അങ്ങാടികൾ വികസിക്കും. വിൽപ്പന കൂടുമ്പോൾ ഉൽപാദന വർദ്ധനവിന് പ്രചോദനമാ വും. ഉല്പാദനം വർദ്ധിക്കും തൊഴിൽ വർദ്ധിക്കും രാജ്യം വികസനത്തി ലേക്ക് നീങ്ങും. കൂട്ടായ വിലപേശൽ ദുർബലമായാൽ ഇതിനു വിപരീതമാ ണ് സംഭവിക്കുക. നവ- ഉദാരവൽക്കരണ നയങ്ങൾ തൊഴിലാളി സംഘട നകളെ ദുർബലമാക്കിയതിനെ തുടർന്ന്, 1990 നു ശേഷം ലോകത്താകെ സംഭവിച്ചത് ഈ പ്രതിഭാസമാണ്. അത് സൃഷ്ടിച്ച പ്രതിസന്ധിയാണ് 2007 - 08 ൽ പൊട്ടിത്തെറിയിൽ എത്തിച്ചത്. ഇന്ത്യ ഉൾപ്പെടെ മുതലാളിത്ത രാജ്യങ്ങൾ നേരിടുന്ന പ്രതിസന്ധിയുടെ മുഖ്യകാരണം മുതലാളിത്ത നയങ്ങളാണ്.

മുതലാളിത്ത ലോകത്ത് വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമ ത്വത്തിന് കാരണം മേൽപ്പറഞ്ഞ സാഹചര്യമാണ്. സമ്പത്തിന്റെ കേന്ദ്രീകര ണം മുമ്പൊരിക്കലുമില്ലാത്തവിധമാണ്. ലോകജനതയുടെ അടിത്തട്ടിലുള്ള പകുതിയോളം ജനത പട്ടിണിയും ദാരിദ്ര്യവും നേരിടുമ്പോൾ അതി സമ്പന്ന രായ ഒരു കൂട്ടം- ജഫ് ബെസോസ്, ബിൽഗേറ്റ്സ്, മുകേഷ് അംബാനി പോ ലുള്ളവർ സമ്പത്ത് കുന്നുകൂട്ടുന്നു. ദരിദ്ര ജനതയുടെ ജീവിതഭാരം അനു ദിനം വർധിക്കുകയാണ്.

സമ്പത്തിന്റെ കേന്ദ്രീകരണത്തിന്റെ സ്വഭാവം നോക്കുക- ലോക ജനതയുടെ പകുതി വരുന്ന ദരിദ്ര ജനതയുടെ ആകെ സമ്പത്തിന് സമമാ യ സമ്പത്ത് കൈവശം വയ്ക്കുന്ന സമ്പന്ന വ്യക്തികൾ 2016 ൽ 61 ഉം 2017 ൽ 43 ഉം 2018 ൽ 26 ഉം ആണ്. സമ്പത്ത് എങ്ങനെയാണ് കേന്ദ്രീക രിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാവും. 2019 ൽ അതിസമ്പന്നർ കൂടുതൽ സമ്പത്ത് ആർജിച്ചു. ഏകദേശം 1.2 ട്രില്യൺ ഡോളർ (1 ട്രില്ല്യൻ:

1 ലക്ഷം കോടി) അവരുടെ സമ്പത്തിന്റെ 25 ശതമാനം വർധനവാണ് ഉണ്ടായത്. ആമസോൺ കമ്പനി ഉടമ ജഫ് ബെസോസ്- ലോകത്തിലെ ഏറ്റവും വലിയ സമ്പന്നൻ 2018 ൽ 8 ലക്ഷം കോടി രൂപ അധികം നേടി. 2018 ൽ അതിസമ്പന്നരായ വ്യക്തികൾ പ്രതിദിനം 18,000 കോടി രൂപ എന്ന തോതിലാണ് അവരുടെ സമ്പത്ത് വർധിപ്പിച്ചത്. അതേസമയം ലോകജനതയുടെ പകുതി വരുന്ന 380 കോടി ജനങ്ങളുടെ വരുമാനത്തിൽ 2018 ൽ 11 ശതമാനം കുറവുണ്ടായി. 2018-19 വർഷം ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പന്നൻ ബിൽഗേറ്റ്സ് 85000 കോടിയിൽപരം രൂപയാണ് തന്റെ സമ്പത്തിൽ കൂട്ടിച്ചേർത്തത്. ആ വർഷം ഒരു മിനിട്ടിൽ 15,98,170 രൂപ എന്ന തോതിലാണ് നേടിയത്. അദ്ദേഹം ഒരു ദിവസം ഏഴ് കോടി രൂപ വീതം ചെലവഴിച്ചാൽ തൻറെ മുഴുവൻ സമ്പാദ്യം തീരാൻ 285 വർഷം വേണ്ടിവരും. ഫോബ്സ് മാസികയുടെ കണക്കനുസരിച്ച് ഇന്ത്യൻ കുത്തക മുതലാളി മുകേഷ് അംബാനിയുടെ സമ്പത്ത് 2019 മാർച്ചിൽ 3.56 ലക്ഷം കോടി രൂപയായിരുന്നത് 2019 ഡിസംബർ ആയപ്പോൾ 4.2 ലക്ഷം കോടി രൂപയായി ഉയർന്നു. 2019 മാർച്ചിനും ഡിസംബറിനും ഇടയിൽ മുകേഷ് അംബാനി തന്റെ സമ്പത്തിൽ ഓരോ ദിവസോം 2620 കോടി രൂപ വീതം കൂട്ടിച്ചേർത്തു. അദ്ദേഹം ഇപ്പോൾ ലോകത്തെ പന്ത്രണ്ടാമത്തെ അതിസമ്പന്നനാണ്.

നവ-ഉദാരവൽക്കരണ കാലത്ത് കഴിഞ്ഞ മൂന്നു ദശകങ്ങൾ- സാമ്പത്തിക അസമത്വം വർദ്ധിച്ചു. തൊഴിലാളികളുടെ യഥാർത്ഥ വേതനം മരവിച്ചു നിൽക്കുകയും ചില രാജ്യങ്ങളിൽ കുറയുകയും ചെയ്തപ്പോൾ വിരലിലെണ്ണാവുന്ന അതിസമ്പന്നർ സമ്പത്ത് വാരിക്കൂട്ടി. ഈ കാലത്ത് തൊഴിലാളികളുടെ ഉൽപാദനക്ഷമത ഗണ്യമായി വർധിച്ചിരുന്നു. ഇതാണ് മുതലാളിത്വത്തിന്റെ യഥാർത്ഥ മുഖം.

ദാരിദ്ര്യത്തിന്റെ മുഖം വികൃതമാണ്. രക്ഷിതാക്കൾക്ക് വരുമാനം ഇല്ലാത്തതിനാൽ ചെലവുകൾ വഹിക്കാൻ സാധിക്കാത്തതിനാൽ ലോകത്താകെ സ്കൂളുകളിൽ പോകാൻ കഴിയാത്ത കുട്ടികൾ 2019 ൽ 26.2 കോടിയാണ്. അവർ പിന്നോക്കമാവുന്നത്. അവരുടെ കുറ്റം കൊണ്ടല്ല. ആരോഗ്യ പരിരക്ഷ ലഭിക്കാത്തതിനാൽ ലോകത്താകെ ഒരുദിവസം മരണപ്പെടുന്നത്

പതിനായിരം മനുഷ്യരാണ്. ദരിദ്രരായ സ്ത്രീകൾ ഒരു വർഷം സൗജന്യമായി വീട്ടുജോലികൾ ചെയ്യേണ്ടി വരുന്നത് ആകെ 1640 കോടി മണിക്കൂറുകളാണ്. ഈ സ്ത്രീകളെ എല്ലാം ഒരു കമ്പനിയുടെ കീഴിൽ കൊണ്ടുവന്നു ജോലി ചെയ്യിച്ചാൽ ഒരു വർഷം 10 ലക്ഷം കോടി ഡോളർ ടേൺഓവർ (ആപ്പ്ൾ കമ്പനിയുടെ ടേൺഓവറിന്റെ 43 ഇരട്ടി) ഉണ്ടാവും. ഇന്ത്യയിലെ സവർണ കുടുംബങ്ങളിലെ ഒരു സ്ത്രീയുടെ ശരാശരി ആയുർദൈർഘ്യത്തെക്കാൾ 15 വർഷം കുറവാണ് പിന്നോക്ക ജാതികളിൽ പെട്ട ഒരു സ്ത്രീയുടേത്. ഇന്ത്യയിൽ ഉയർന്ന ആരോഗ്യ പരിരക്ഷ ലഭിക്കുന്നത് സമ്പന്നർക്ക് മാത്രമാണ്. ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ലോകത്ത് ഏറ്റവും കുറച്ച് സർക്കാർ പണം ചെലവഴിക്കുന്ന രാജ്യമാണ് ഇന്ത്യ. ചില ഇന്ത്യൻ സംസ്ഥാനങ്ങളിലെ ശിശുമരണനിരക്ക് സബ്-സഹാറൻ ആഫ്രിക്കൻ രാജ്യങ്ങളിലേതിനേക്കാൾ ഉയർന്നതാണ്.

ആധുനിക സാങ്കേതികവിദ്യയും വിദഗ്ധ മനുഷ്യാധ്വാനവും ചേരുമ്പോൾ ലോകത്താകെയുള്ള മനുഷ്യർക്കെല്ലാം സുഖകരമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനാവും. അധ്വാനിക്കുന്ന ജനത- അവരാണ് ജനസംഖ്യയിൽ മഹാഭൂരിപക്ഷം- സംഘടനകൾ രൂപീകരിച്ച് ശബ്ദം ഉയർത്തുന്നതും പോരാടുന്നതും ഈ ലക്ഷ്യം വെച്ചാണ്. അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ കൂട്ടായ വിലപേശലും അതിന് തെല്ലെങ്കിലും പരിരക്ഷ നൽകുന്ന തൊഴിൽ നിയമങ്ങളും ജനങ്ങളുടെ നന്മക്കായാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തം. തൊഴിലാളി സംഘടനകൾ ദുർബലമാവുകയും നിയമ പരിരക്ഷ ലഭിക്കാതാവുകയും ചെയ്താൽ ലോകജനതയിലെ ഭൂരിപക്ഷത്തിന്റെ ജീവിതം ദുരിതപൂർണ്ണമാവും (കോവിഡ് കാലത്തെപ്പോലെ) ലോക സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് വിഘാതമാകും ഏതാനും ഇന്ത്യൻ സംസ്ഥാനങ്ങൾ തൊഴിൽ നിയമങ്ങൾ ദുർബലമാക്കിയ നടപടി രാജ്യത്തെ നാശത്തിലേക്കാണ് നയിക്കുക.

**ഇന്ത്യൻ തൊഴിൽ നിയമങ്ങളുടെ ചരിത്രം**

ഇന്ത്യയിൽ തൊഴിൽ നിയമങ്ങൾ രൂപപ്പെട്ടുവന്നതിന്റെ ഒരു ലഘു

ചരിത്രം പരിശോധിക്കാം. ബ്രിട്ടീഷ് കോളനിയായിരുന്ന ഇന്ത്യയിൽ 1819 ൽ "ബംഗാൾ റെഗുലേഷൻ ആക്ട്" എന്ന നിയമം ഉണ്ടായി. ആസാമിലെ വിപുലപ്പെട്ടുകൊണ്ടിരുന്ന ചായ തോട്ടങ്ങളിൽ തൊഴിലാളികളെ നിർബന്ധിച്ച് ജോലി ചെയ്യിക്കുക എന്നതായിരുന്നു ഈ നിയമത്തിന്റെ ലക്ഷ്യം. തോട്ടമുടമകൾക്ക് സൗകര്യം ഒരുക്കാനാണ് ഈ നിയമം രൂപം കൊണ്ടത് അല്ലാതെ തൊഴിലാളി സംരക്ഷണത്തിനല്ല. ചായതോട്ടങ്ങളിൽ ജോലിക്ക് ചേരുന്ന തൊഴിലാളികൾ 5 വർഷത്തെ കരാറിൽ ഒപ്പിടണമെന്നും ഇടയ്ക്ക് ജോലി ഉപേക്ഷിച്ചു പോകാൻ പാടില്ലെന്നും നിയമം വ്യവസ്ഥ ചെയ്തു. ജോലി വിട്ടു പോകുന്നത് ശിക്ഷാർഹം ആയിരുന്നു. പിന്നീട് ഉണ്ടാക്കിയ നിയമം 1863 ൽ "ട്രാൻസ്പോർട്ട് ഓഫ് നേറ്റീവ് ലേബറേഴ്സ് ആക്ട്" ആയിരുന്നു. തൊഴിലാളികളുടെ മേൽ മുതലാളിമാരുടെ നിയന്ത്രണം കർക്കശമാക്കുന്നതായിരുന്നു പ്രസ്തുത നിയമം. തൊഴിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയിൽ തൊഴിലാളികളെ ആറുമാസം വരെ തടവിൽ പാർപ്പിക്കാൻ തൊഴിലുടമകൾക്ക് ഈ നിയമം അവകാശം നൽകി. 1865 ൽ ബംഗാൾ ആക്ട് VI പാസാക്കി. തൊഴിലാളികൾ ജോലി സ്ഥലം വിട്ടു പോകുന്നത് തടയാൻ പ്രത്യേക പോലീസ് സേനയെ നിയോഗിക്കാനായിരുന്നു ഈ നിയമം. ജോലി ഉപേക്ഷിച്ച് പോകുന്നവരെ തേടിപ്പിടിച്ച് തടവിൽ ഇട്ടതിനുശേഷം തടവുകാലം കഴിഞ്ഞ് വീണ്ടും തോട്ടങ്ങളിലേക്ക് ജോലിക്കായി കൊണ്ടുവരാൻ നിയമം അനുശാസിച്ചു.

ഇപ്പോൾ നാം ഇന്ത്യയിൽ കാണുന്നത് 150 വർഷം മുമ്പ് ബ്രിട്ടീഷ് ഇന്ത്യയിൽ കണ്ട ഭീകര ദിനങ്ങൾക്ക് സമാനമായ സ്ഥിതിയാണ്. ബ്രിട്ടീഷ് കാലത്തെ തോട്ടങ്ങളിൽ കൊടുംതണുപ്പിൽ കുറഞ്ഞ വേതനത്തിന് ദീർഘസമയം ജോലിചെയ്തു സഹിക്കവയ്യാതാകുമ്പോഴായിരുന്നു തൊഴിലാളികൾ ജോലി ഉപേക്ഷിച്ച് പോകാൻ തയ്യാറായത്. അവരുടെ തൊഴിൽ മെച്ചപ്പെടുത്തുന്നതിനു പകരം ബലമായി പിടിച്ചുകൊണ്ടുവന്ന് മൃഗങ്ങളെപ്പോലെ വീണ്ടും ജോലിചെയ്യുകയായിരുന്നു ബ്രിട്ടീഷ് തോട്ടം ഉടമകൾ ചെയ്തത്. അന്നത്തെ ഫാക്ടറി തൊഴിലാളികളും കഠിനമായ ചൂഷണത്തിന് വിധേയരായി. ദിവസവും 16 മണിക്കൂറായിരുന്നു ജോലിസമയം. കഠിനമായ ജോലി

ചെയ്യാൻ നിർബന്ധിതരായ തൊഴിലാളികൾ പതുക്കെ പ്രതിഷേധിക്കാൻ തുടങ്ങി. അവരുടെ പ്രതിഷേധം വളർന്നുവരുന്നത് മനസ്സിലാക്കിയ ബ്രിട്ടീഷ് ഭരണാധികാരികൾ 1911 ൽ ഫാക്ടറീസ് ആക്ട് ഉണ്ടാക്കി. ഒരു ദിവസത്തെ സാധാരണ ജോലി സമയം 12 മണിക്കൂർ ആയി നിശ്ചയിച്ചു.

കഠിനമായ ജോലികൾ ചെയ്യുന്ന തൊഴിലാളികളുടെ കൂലി അക്കാലത്ത് കുറവായിരുന്നു. മാനേജ്മെന്റിൽ നിന്നും പലപ്പോഴും കടം വാങ്ങാൻ തൊഴിലാളികൾ നിർബന്ധിതരായി. കടം വീട്ടാൻ കഴിയാത്ത തൊഴിലാളികൾ മാനേജ്മെന്റ് പറയുന്നത് എന്തും അനുസരിച്ച് അടിമ ജോലിക്ക് സമാനമായ രീതിയിൽ ജോലിചെയ്യാൻ നിർബന്ധിതരായി. ഈ സാഹചര്യം പതുക്കെ തൊഴിലാളികളിൽ പ്രതിഷേധവും അമർഷവും ജനിപ്പിച്ചു. അവർ പ്രതിഷേധിക്കാൻ നിർബന്ധിതരായി.

കൊളോണിയൽ ആധിപത്യത്തിൽ നിന്നും രാജ്യത്തിന് സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള സ്വാതന്ത്ര്യസമരം ഈ കാലയളവിൽ ശക്തിപ്പെട്ടുവരികയായായിരുന്നു. 1917 ൽ സോവിയറ്റ് യൂണിയൻ രൂപംകൊണ്ടത് മുതൽ ഇന്ത്യയിലെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾക്ക് പുതിയ ദിശാബോധമുണ്ടായി. സോഷ്യലിസത്തെ കുറിച്ച് അവർ മനസ്സിലാക്കാൻ തുടങ്ങി. അങ്ങിങ്ങായി തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങി. 1920 ൽ ആദ്യത്തെ ദേശീയ ട്രേഡ് യൂണിയൻ- ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് (എഐടിയുസി) രൂപംകൊണ്ടു. ദേശീയ സമരത്തിന്റെ നേതാക്കളിൽ ചിലർ ഇതിന് നേതൃത്വം നൽകി. 1920 മുതൽ വ്യവസായ കേന്ദ്രങ്ങളിൽ പണിമുടക്കുകളുടെ വേലിയേറ്റമുണ്ടായി. മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ, ന്യായമായ വേതനം എന്നീ ആവശ്യങ്ങളുയർത്തി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്തരമായ സമരങ്ങളും ഉയർന്നുവന്നു. സമരത്തിന് നേതൃത്വം കൊടുത്തവരെ അടിച്ചമർത്താൻ ബ്രിട്ടീഷ് ഭരണകൂടം ശ്രമിച്ചു. ടി.യു. പ്രവർത്തകരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഡി.ഐ.ആർ. നിയമപ്രകാരമായിരുന്നു അറസ്റ്റ്. തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾക്ക് അന്നത്തെ ഇന്ത്യയിലെ രാഷ്ട്രീയ നേതൃത്വം പിന്തുണ നൽകി. ഇത് തൊഴിലാളികൾക്ക് കൂടുതൽ കരുത്തു നൽകി.

പുതിയ സാഹചര്യം ബ്രിട്ടീഷ് സർക്കാരിന്റെമേൽ കടുത്ത സമ്മർദ്ദം ചെലുത്തി "റോയൽ കമ്മീഷൻ ഓൺ ലേബർ" എന്ന ഒരു കമ്മീഷനെ നിയമിക്കാൻ ബ്രിട്ടീഷ് സർക്കാർ നിർബന്ധിതരായി. തൊഴിലാളി സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിക്കാൻ ആയിരുന്നു ഈ കമ്മീഷൻ. 1935 ൽ ഈ കമ്മീഷൻ ഒരു റിപ്പോർട്ട് നൽകി. 1935 ൽ "ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്" രൂപംകൊണ്ടു. നിയമനിർമാണത്തിൽ ഇന്ത്യക്കാർക്ക് പങ്കാളിത്തം ലഭിച്ചു. ഈ സാഹചര്യം മാറ്റങ്ങൾക്ക് വഴി തുറന്നു. 1917 ലെ സോവിയറ്റ് വിപ്ലവത്തെ തുടർന്ന് ഉളവായ സാഹചര്യം ലോകത്താകെ തൊഴിലാളി വർഗ്ഗത്തിന് മുൻതൂക്കം ലഭിക്കുന്നതായിരുന്നു. യൂറോപ്പിലാകെ തൊഴിലാളി പ്രസ്ഥാനം കരുത്താർജ്ജിച്ചു. ആ സാഹചര്യത്തിന്റെ സമ്മർദ്ദവും ഇന്ത്യയിൽ തൊഴിലാളികൾക്ക് അനുകൂലമായ ചില നടപടികൾ സ്വീകരിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികളെ നിർബന്ധിതരാക്കി. സ്വാതന്ത്ര്യാനന്തരം തൊഴിലാളികൾക്ക് ആശ്വാസകരമായ നിയമങ്ങൾ രൂപംകൊണ്ടു.

**സ്വാതന്ത്ര്യാനന്തര കാലഘട്ടം**

സ്വതന്ത്ര ഭാരതത്തിന്റെ ഭരണകൂടത്തിന്റെ നേതൃത്വം വൻകിട ബൂർഷ്വാസിക്കായിരുന്നു. അവർ ഭൂപ്രഭുക്കളുമായി കൂട്ടുചേർന്നു. ഈ ബൂർഷ്വാ- ഭൂപ്രഭു കൂട്ടുകെട്ടിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഭരണകൂടം വിദേശ ഫിനാൻസ് മൂലധനവുമായി സഹകരിച്ചാണ് മുന്നോട്ടുനീങ്ങിയത്. എന്നാൽ സ്വാതന്ത്ര്യ സമ്പാദന കാലം സോഷ്യലിസത്തിന് ലോകത്ത് മുൻകൈ ഉള്ള കാലമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഫാസിസത്തിനുമേൽ സോവിയറ്റ് യൂണിയൻ നേടിയ വിജയം ലോകരാഷ്ട്രീയ ബലാബലത്തിൽ സോഷ്യലിസ്റ്റ് ശക്തികൾക്ക് നിർണായക സ്ഥാനം നേടിക്കൊടുത്തു. അമേരിക്കൻ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ശക്തികളോട് കിടപിടിക്കുന്ന ശക്തിയായി സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ലോകം മാറി. സോഷ്യലിസത്തിന്റെ സ്വാധീനം ലോകം മുഴുവൻ വ്യാപിക്കാൻ തുടങ്ങി.

സോഷ്യലിസത്തിന് ഇന്ത്യയിലും സ്വാധീനം ചെലുത്താൻ കഴിഞ്ഞു. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു പ്രബല രാഷ്ട്രീയ ശക്തിയായി വളരാൻ

തുടങ്ങി. സ്വതന്ത്ര ഭാരതത്തിന്റെ വികസനത്തിനായി മുതലാളിത്ത രാഷ്ട്ര ങ്ങൾ ഒരു സഹായവും നൽകാതിരിക്കുകയും സോവിയറ്റ് യൂണിയൻ സ ഹായിക്കുകയും ചെയ്തതോടെ ഭരണ നയങ്ങളിലും അത് പ്രതിഫലിച്ചു. രണ്ടു നൂറ്റാണ്ടുകാലത്തെ കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങളുടെ പാര മ്പര്യവും സ്വതന്ത്ര- പരമാധികാര രാഷ്ട്രം എന്ന സങ്കല്പവും കൂടിച്ചേർ ന്നാണ് സ്വാതന്ത്ര്യ ഭാരതത്തിന്റെ നയങ്ങൾ രൂപം കൊണ്ടത്. ഭരണകൂട നേ തൃത്വം വൻകിട ബൂർഷ്വാസിക്കായിരുന്നെങ്കിലും അന്നത്തെ സാഹചര്യങ്ങ ളുടെ സമ്മർദ്ദങ്ങൾക്ക് അവർക്ക് വഴങ്ങേണ്ടി വന്നു. ഇന്ത്യൻ ഭരണ ഘടന രൂപം കൊള്ളുമ്പോൾ മേൽപ്പറഞ്ഞ രാഷ്ട്രീയ സാഹചര്യങ്ങളുടെ സ്വാധീനം അതിന്മേൽ ഉണ്ടായിരുന്നു. തൊഴിലാളി താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉ തകുന്ന ഏതാനും വ്യവസ്ഥകളും ഭരണഘടനയിൽ ഉൾപ്പെടുത്തപ്പെട്ടു.

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം IV "രാഷ്ട്രനയത്തിന്റെ മാർഗനിർ ദ്ദേശക തത്വങ്ങൾ" തൊഴിലാളികളെ കുറിച്ച് ഇപ്രകാരം വ്യവസ്ഥ ചെയ്തു.

42. "ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾക്കും പ്രസവ സംബന്ധമായ ആശ്വാസത്തിനും വ്യവസ്ഥ"

"ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾ ഉറപ്പുവരുത്തുന്നതിനും പ്രസവ സംബന്ധമായ ആശ്വാസത്തിനും രാഷ്ട്രം വ്യവസ്ഥ ചെയ്യേണ്ടതാണ്"

43. "തൊഴിലാളികൾക്ക് ഉപജീവന ക്ഷമമായ വേതനം മുതലായവ"

"രാഷ്ട്രം അനുയോജ്യമായ നിയമനിർമാണം വഴിയോ സാമ്പത്തിക സംവിധാനം വഴിയോ മറ്റേതെങ്കിലും വിധത്തിലോ കാർഷിക തൊഴിലാളി കളോ വ്യവസായിക തൊഴിലാളികളോ മറ്റു തരത്തിലുള്ള തൊഴിലാളികളോ ആയ എല്ലാ തൊഴിലാളികൾക്കും ജോലി ഉപജീവന ക്ഷമമായ വേതനം (Living wage) മാന്യമായ ജീവിതനിലവാരവും, വിശ്രമവേളയുടെ പൂർണ്ണ അനുഭവവും ഉറപ്പുവരുത്തുന്ന സേവന വ്യവസ്ഥകൾ സാമൂഹികവും സാം സ്കാരികവുമായ അവസരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് യത്നിക്കേ

ണ്ടതും, പ്രത്യേകിച്ചും രാഷ്ട്രം ഗ്രാമപ്രദേശങ്ങളിൽ കുടിൽ വ്യവസായങ്ങളെ ഒറ്റയ്ക്കും സഹകരണാടിസ്ഥാനത്തിലും അഭിവൃദ്ധിപ്പെടുത്താൻ യത്നിക്കേണ്ടതും ആകുന്നു."

43 A. "വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം" - (1977 ൽ കൂട്ടിച്ചേർത്തത്)

"ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളുടെയോ സ്ഥാപനങ്ങളുടെയോ മറ്റു സംഘടനകളുടെയോ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം സംപ്രാപ്തമാക്കുവാൻ രാഷ്ട്രം തക്കതായ നിയമനിർമാണം വഴിയോ മറ്റേതെങ്കിലും വഴിയോ നടപടികൾ എടുക്കേണ്ടതാണ്."

ഈ ഭരണഘടന തത്വങ്ങളുടെ അടിസ്ഥാനത്തിലും കൂടിയാണ് ഇന്ത്യയിൽ തൊഴിൽ നിയമങ്ങൾ രൂപംകൊണ്ടത്. ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടം ഉണ്ടാക്കിയ തൊഴിലാളികളെ അടിമ സമാനമായി ജോലി ചെയ്യാൻ നിർബന്ധിതമാക്കിയ 'പ്ലാന്റേഷൻ ലേബർ' നിയമം മാറ്റി തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പുതിയ 'തോട്ടം തൊഴിലാളി നിയമം' 1951 ൽ പാർലമെന്റിൽ പാസാക്കി (പ്ലാന്റേഷൻ ലേബർ ആക്ട് 1951) 1948 ൽ പാസാക്കിയ ഫാക്ടറീസ് ആക്ട്, 8 മണിക്കൂർ ജോലി എന്ന തത്വം അംഗീകരിച്ച് നിയമമാക്കി. ഒരു ദിവസം എട്ടു മണിക്കൂറിൽ കൂടുതൽ സമയം ജോലി ചെയ്യുന്നവർക്ക് പ്രസ്തുത ജോലിക്ക് ഇരട്ടി വേതനം (ഓവർടൈം വേതനം) നൽകാൻ വ്യവസ്ഥ വന്നു. ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധി, തൊഴിലാളികളുടെ ആരോഗ്യസംരക്ഷണ വ്യവസ്ഥകൾ തുടങ്ങിയവയും ഫാക്ടറിസ് ആക്ടിൽ ഉൾപ്പെട്ടു.

1947 ൽ രൂപം കൊണ്ട ഐ.ഡി. ആക്ടിൽ (വ്യവസായ തർക്ക നിയമം) വേതനം, മറ്റു തൊഴിൽ തർക്കങ്ങൾ എന്നിവ പരിഹരിക്കാൻ തൊഴിലാളി പങ്കാളിത്തത്തോട് കൂടിയ കൂടിയാലോചനകൾ വ്യവസ്ഥ ചെയ്തു. പണിമുടക്ക് നടത്തുന്നതിനുള്ള വ്യവസ്ഥ, അന്യായമായ ലോക്ക്ഔട്ട്, പിരിച്ചുവിടൽ, കമ്പനി അടച്ചുപൂട്ടൽ എന്നിവ നിയന്ത്രിക്കാനുള്ള വ്യവസ്ഥക

ളും ഈ നിയമത്തിൽ ഉൾപ്പെടുത്തി. 1948 ലാണ് "മിനിമം വേതന നിയമം" പാസാക്കിയത്. തൊഴിലാളിക്കും കുടുംബത്തിനും ജീവിക്കാനാവശ്യമായ കുറഞ്ഞ വേതനം ലഭിക്കാനുള്ള അവകാശം വ്യവസ്ഥ ചെയ്യുന്നതാണ് ഈ നിയമം.

ഭരണഘടനയുടെ ആർട്ടിക്കിൾ 21, 23 അനുസരിച്ച് "ജീവിക്കാനുള്ള അവകാശം ചൂഷണംചെയ്യപ്പെടാതിരിക്കാനുള്ള അവകാശം" എന്നിവ പൗരന്മാർക്ക് ഉറപ്പുനൽകുന്നുണ്ട്. ഇന്ത്യൻ തൊഴിൽ നിയമങ്ങളെ ആദ്യകാലത്ത് ഈ തത്വങ്ങളും സ്വാധീനിച്ചതായി കാണാം. അതോടൊപ്പം ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനും കൂട്ടായ വിലപേശലിനുമുള്ള അവകാശം "ഇന്ത്യൻ ട്രേഡ് യൂണിയൻ ആക്ട്" വ്യവസ്ഥ ചെയ്തു. അതനുസരിച്ച് രൂപം കൊണ്ട ട്രേഡ് യൂണിയനുകളുടെ നിരന്തരമായ ഇടപെടലുകൾ തൊഴിലാളികളുടെ ജീവിതം പടിപടിയായി അഭിവൃദ്ധിപ്പെടുന്നതിൽ നിർണായക പങ്കുവഹിച്ചു. അന്തസ്സുള്ള അവസ്ഥയിലേക്ക് സാവകാശം തൊഴിലാളികൾ ഉയർന്നുവന്നു. സാമൂഹ്യ - സാമ്പത്തിക നീതി ഉറപ്പാക്കുന്നതിൽ ട്രേഡ് യൂണിയനുകളുടെ പങ്ക് നിഷേധിക്കാനാവില്ല.

ഇന്ത്യയിലെ തൊഴിലാളി - മുതലാളി ബന്ധം എങ്ങിനെയാവണം എന്നതുസംബന്ധിച്ച് സുപ്രീംകോടതി 1983 ൽ നൽകിയ ചരിത്രപ്രധാനമായ വിധി ഇപ്രകാരമാണ്. ഗ്ലാക്സോ ലെബോറട്ടറീസും, തൊഴിൽവകുപ്പും തമ്മിലുണ്ടായ ഒരു തർക്കത്തിലാണ് സുപ്രീം കോടതിയുടെ വിധി. *'SC.in, Glaxo Laboratories vs The Presiding Officer, Labour-1983 said this about the 'Industrial Employment(Standing orders) Act 1946'', In the days of laissez-faire when industrial relation was governed by the harsh weighted law of hire and fire the management was the supreme master, the relationship being referable to contract between unequals. The developing notions of social justice and the expanding horizon of socio- economic justice necessitated statutory protection to the unequal partner in the industry namely, those who invest blood and flesh against those who bring in capital. The move-*

*ment was from status to contract, the contract being not left to be negotiated by two unequal persons but statutorily imposed.''*

സ്വാതന്ത്ര്യാനന്തരം 1960-കളുടെ മധ്യം വരെ കോൺഗ്രസ് സർക്കാരുകൾ മുതലാളിത്ത വ്യവസ്ഥയിലെ 'ക്ഷേമരാഷ്ട്രം' എന്ന സങ്കല്പത്തിന് പരിഗണന നൽകി എന്നാൽ മുതലാളിത്ത നയങ്ങൾ കുത്തകകളെ ശക്തിപ്പെടുത്തിയപ്പോൾ അവരുടെ താൽപര്യങ്ങൾക്ക് വഴങ്ങി തങ്ങളുടെ നയങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നു. 1975 ലെ അടിയന്തരാവസ്ഥ, 1980 കളുടെ മധ്യത്തോടെ ആരംഭിച്ച സാമ്പത്തിക പരിഷ്കാരങ്ങൾ, 1991 മുതൽ ആഗോളവൽക്കരണം, 2009 മുതൽ തീവ്രമായ ഉദാരവൽക്കരണ നയങ്ങൾ എന്നിവയെല്ലാം കുത്തക വർഗ്ഗ താല്പര്യത്തിനു വഴങ്ങി രൂപംകൊണ്ടതായിരുന്നു. അതേ നയങ്ങൾ തന്നെയാണ് 1998-2004 കാലത്തെ വാജ്പേയ് സർക്കാരും നടപ്പാക്കിയത്. പ്രസ്തുത നയങ്ങളുടെ തീവ്രമായ മുഖമാണ് 2014 മുതൽ നാം കണ്ടുവരുന്നത്.

രാജ്യത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ രൂപംകൊണ്ടതിന്റെ ചരിത്രപശ്ചാത്തലം മുൻപ് വിശദീകരിച്ചതിൽ നിന്ന് ഗ്രഹിക്കാം. അവ ദുർബലമാക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നത് തൊഴിലാളികളെ ഒരു നൂറ്റാണ്ടിനു മുമ്പുള്ള അവസ്ഥയിലേക്ക് തള്ളലാണ്- ഭരണഘടനാ തത്വങ്ങൾ അനുസരിച്ച് രൂപംകൊണ്ട തൊഴിൽ നിയമങ്ങൾ ദുർബലപ്പെടുത്താൻ ഒരു സംസ്ഥാന സർക്കാരിനും, പാർലമെന്റിനു പോലും അവകാശമില്ല. ഫാക്ടറീസ് നിയമത്തിലെ 5-ാം വകുപ്പ്, രാജ്യം പൊതു അടിയന്തരാവസ്ഥയിൽ ആവുമ്പോൾ പ്രസ്തുത നിയമം ബാധകം ആക്കുന്നതിൽ നിന്ന് വ്യവസായങ്ങൾക്ക് താൽകാലിക ഒഴിവു നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാജ്യസുരക്ഷയെ ബാധിക്കുന്ന ഏതെങ്കിലും പ്രശ്നം- വിദേശ ആക്രമണം, യുദ്ധം തുടങ്ങിയ സാഹചര്യത്തിലേ 5-ാം വകുപ്പ് പ്രയോഗിക്കാവൂ. അത്തരം ഒരു സാഹചര്യവും ഇപ്പോൾ ഇന്ത്യയിലില്ല. ഐ.ഡി. ആക്ട് സെക്ഷൻ 36 B, സർക്കാർ കമ്പനികൾക്ക് ചില ഒഴിവുകൾ നൽകാൻ സർക്കാരിന് അധികാരം നൽകിയിട്ടുണ്ട്. അതും ഇപ്പോൾ സംസ്ഥാന സർക്കാരുകൾ നൽകിയ രീതിയിലുള്ളതല്ല. ഇപ്പോൾ ഏതാനും സംസ്ഥാന സർക്കാരുകൾ തൊഴിൽ

നിയമങ്ങൾ സസ്പെന്റ് ചെയ്ത നടപടി നിയമവിരുദ്ധമാണ്. പാർലമെന്റ് പാസാക്കിയ നിയമങ്ങൾ റദ്ദ് ചെയ്യാനോ സസ്പെന്റ് ചെയ്യാനോ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ല. എന്നാൽ കേന്ദ്രസർക്കാർ ഈ നടപടികൾക്കെല്ലാം കൂട്ടുനിൽക്കുന്നു എന്ന ധൈര്യത്തിലാണ് സംസ്ഥാന സർക്കാരുകൾ.

തൊഴിൽ കരാറുകൾ, ഒത്തുതീർപ്പു വ്യവസ്ഥകൾ, അഡ്ജൂഡിക്കേഷൻ അവാർഡുകൾ - ജനാധിപത്യരീതിയിൽ രൂപംകൊള്ളുന്നതാണ്. ഇത് രാജ്യപുരോഗതിക്ക് അനിവാര്യവുമാണ്. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ VS ബഹാദൂർ & അദേർസ് (1980) കേസിൽ സുപ്രീംകോടതി താഴെപ്പറയുന്ന വിധി പ്രസ്താവന നടത്തി. "തൊഴിൽ വ്യവസ്ഥകളിൽ ഏതു മാറ്റവും ജനാധിപത്യ പ്രക്രിയകളിലൂടെയോ, ഉഭയകക്ഷി കൂടിയാലോചനകളിലൂടെയോ, നിയമം വഴിയോ മാത്രമേ ആകാവൂ" ഏകപക്ഷീയമായി ബോണസ് നിഷേധിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം തള്ളിക്കൊണ്ട് സുപ്രീംകോടതി പറഞ്ഞു. "അടിസ്ഥാന മൂല്യങ്ങൾ ഓർമ്മപ്പെടുത്തിക്കൊണ്ട് മാത്രമേ അടിസ്ഥാനപരമായ തെറ്റുകൾ ഒഴിവാക്കാനാവൂ അല്ലെങ്കിൽ നിയമവാഴ്ച്ച ഇല്ലാത്ത അവസ്ഥ സംജാതമാവും". ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ യു.പി., മധ്യപ്രദേശ് മുതലായ സംസ്ഥാന സർക്കാരുകൾ തൊഴിൽ നിയമങ്ങൾ സസ്പെന്റ് ചെയ്യാനും ദുർബലമാക്കാനും എടുത്ത നടപടികൾ ജനാധിപത്യവിരുദ്ധമാണ്, ഭരണഘടനാ വിരുദ്ധവുമാണ്.

ഇന്ത്യൻ ഭരണകൂടം കൊളോണിയലിസത്തിനാധാരമായ ആഗോള മൂലധനശക്തികളുടെ പാരമ്പര്യം ഉൾക്കൊണ്ടാണ് മുന്നോട്ടു പോവുന്നത്. അത്തരം കൊളോണിയൽ മനോഭാവം സമൂഹത്തിനാകെയും ദശലക്ഷക്കണക്കിന് ജനതയുടെയും തൊഴിൽ സുരക്ഷക്കും, ആരോഗ്യ പരിരക്ഷക്കും ഹാനികരമാണ്. ഈ നടപടികൾ തൊഴിലാളി കുടുംബങ്ങളെയും ബാധിക്കും. മൂലധനവും തൊഴിലാളിയും തമ്മിലുള്ള വിലപേശൽ ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ അസമത്വപരമാണ്. ഈ സാഹചര്യത്തിൽ നിയമങ്ങൾക്ക് സമതുലനം പാലിക്കാനും തൊഴിലാളികളുടെ അന്തസ്സ് നിലനിർത്താനും ഒരു പരിധി വരെ സാധിക്കും. മനുഷ്യോചിതമായ തൊഴിൽ സാ

ഹചര്യങ്ങളും, പ്രസവാനുകൂല്യങ്ങളും നിലനിർത്താൻ സർക്കാരുകൾക്ക് ഭരണഘടനാപരമായ ബാധ്യത ഉണ്ട്. തൊഴിലാളികളുടെ ആരോഗ്യവും ഊർജ്ജവും ബലമായി മൂലധനശക്തികളുടെ താൽപര്യത്തിനുവേണ്ടി ഹനിക്കരുത്. തൊഴിൽ നിയമങ്ങൾ മനുഷ്യസംസ്കാരങ്ങളുടെ ഉൽപ്പന്നമാണ്. ഒരു പകർച്ചവ്യാധിയുടെ മറവിൽ അതിനെ തകർക്കരുത്.

**************

വായിക്കുക,
വരിക്കാരാവുക

# സി.ഐ.ടി.യു.
# സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം